When Philip reached the mourning scene, things looked pretty set. As expected, funeral arrangements were almost complete. It was late afternoon; the sun, brother sun, was quite high and melancholic; he was westward-bound, but Margaret Cheng? Did she not live as stoically

Margaret Cheng? Did she not live as stoically as the Romans did but without the roses and wine, awaiting without fear a death that had to be slept through?

In front of the attap hut stood a van with Margaret's old framed photograph, a few men and women and the old *sinseh*. Inside lay a casket with a crucifix flanked by a few burning candles. Around knelt a group of young girls in their mourning attire. They were chanting the requiescat: "*Jesus, grant to the soul of Margaret Cheng eternal. Take her soul to heaven to sit and sing with the angels, Jesus, show mercy on her on the day of judgement; take her to your right side.*"

Philip felt very uneasy among the crowd. "My mother's dead; in a day or two her body will crumble into dust, be absorbed into the cosmic world. What can prayers do now? What's her reward in the House of the Lord?"

The *sinseh* embraced Philip and sobbed: "In a way it's good your mother has left us. She was truly lonely and miserable. But I also understand your dilemma. It's hypocrisy and not the real human qualities that influence our behaviour today."

Philip was utterly dismayed by the presence of a large turnout of mourners, including village and political leaders. "Did my mother have so many friends in Pahang?" Philip thought reflectively.

Pallbearers carried Margaret's body to her final resting place. To Philip, however, the memorial to the civilian victims of the Japanese Occupation (1942-1945) in Singapore loomed hazily, reminding him of the 20,000 Chinese in Singapore who had fallen under the crushing war machine of the Japanese empire builders. Or was the figure 6,000? A blood debt, as monstrously reminiscent as the Hiroshima (200,000 dead) and Nagaski victims. But who would erect a memorial to Margaret Cheng?


WITH BEST COMPLIMENTS OF

The Banana Leaf Apolo

Taste That The World Loves

The Banana Leaf Apolo

Where Dining is an art

THE BANANA LEAF APOLO

Specialities
Vegetable Rice
Fish Head Supreme
Fried Chicken/Curry/Masala
Fried Mutton/Curry Mutton
Fried Fish/Prawns/Crabs/Sotong
Cold Drinks/Beer

54-56-58 Race Course Road
Singapore 218564
Tel: 62938682 / 62935054 Fax: 62945770
Business Hours: 10.30am to 10.30pm

THE BANANA LEAF APOLO
NORTH INDIAN CUISINE

We are specialised in authentic North Indian Cuisine and catering for all occasions.

OUR SPECIALITIES
Apolo Murgh Malai Kebab
Murgh Mughlai, Pomfret Masala,
Pepper Chicken, Fish Banana Leaf
Chilli Prawn and many more.....

66-68 Race Course Road
Singapore 218570
Tel: 62990078 Fax: 62947880
Business Hours: 11.00am to 11.00pm

## *HAPPY ONAM GREETINGS*

| | |
|---|---|
| Mr & Mrs C.A. Ansari<br>& Family | Dr Bhagavathi<br>& Family |
| ABI VISION SINGAPORE PTE LTD<br>Mr & Mrs Raman Ashok Kumar | Mr & Mrs Chandran Pillai<br>& Family |
| Mr & Mrs Anirudhan<br>& Family | Mr & Mrs V. Chakrapani<br>& Family |
| Mr & Mrs R. Asokan<br>& Family | Mr Chandra Mohan K. Nair<br>& Family |
| Mr & Mrs Achuthan Nair<br>& Family | Mr & Mrs Chandran Nair<br>& Family |
| Mr & Mrs V. Anilan<br>& Family | Mr & Mrs T.M.S. Devan<br>& Family |
| Mr & Mrs Ajaya Kumar Nair<br>& Family | Mr & Mrs M.M. Dollah<br>& Family |
| Mr & Mrs D.S. Anand<br>& Family | Devi & Ravi Nair<br>& Family |
| Mr & Mrs M.K. Bhasi<br>& Family | Mr & Mrs Fami<br>& Family |
| Mr & Mrs K.A. Basheer<br>& Family | Mr & Mrs C. George<br>& Family |

## *HAPPY ONAM GREETINGS*

| | |
|---|---|
| Mr & Mrs K.O. George & Family | India Saree Emporium Pte Ltd |
| Mr & Mrs T.V. George & Family | Dr Jalia and Dr Sheela Nair & Family |
| Mr & Mrs George Abraham & Family | Mr & Mrs Jacob Marshall & Family |
| Mr & Mrs Gopinath Pillai & Family | Mr & Mrs K.P. John & Family |
| Mr & Mrs Gilbert F. Cross & Family | Mr & Mrs Jacob Chacko & Family |
| Mr & Mrs K. Gopalakrishnan Nair & Family | Mr & Mrs V. Jayaswonam & Family |
| Mr & Mrs Gopalakrishnan & Family | Mr & Mrs P.K. Koshy & Family |
| Dr & Mrs Haridas & Family | Mr & Mrs Karunakaran Pillai & Family |
| Mr K.M.S. Hamid & Family | Mr & Mrs Krishna Kumar & Family |
| International Indenting House | Mr & Mrs G. Karunakaran & Family |

# *HAPPY ONAM GREETINGS*

| | |
|---|---|
| Mr & Mrs M.B. Kurup<br>& Family | Mr & Mrs K.J. Nair<br>& Family |
| Mr & Mrs Leslie Netto<br>& Family | Mr & Mrs N.T. Nair<br>& Family |
| Mr & Mrs Lloyd George<br>& Family | Dr & Mrs V.P. Nair<br>& Family |
| Mr & Mrs Leon Mirranda | Mr & Mrs V.K.S. Narayanan<br>& Family |
| Mr & Mrs P. Mohanakumar<br>& Family | Mr & Mrs K.G.M. Pillai<br>& Family |
| Mr & Mrs A.B. Menon<br>& Family | Mr Packiarajah Kannan<br>Singapore Kerala Association<br>Violin Teacher |
| Mr & Mrs P.P. Mathews<br>& Family | Mr & Mrs V. Prasobhan<br>& Family |
| Mr & Mrs P. Menon<br>& Family | Mr & Mrs G. Raman<br>& Family |
| Mr & Mrs Muralee Nair Chandra<br>& Family | Mr & Mrs R. Raveendran<br>& Family |
| Mr K.S.P. Menon | Mr & Mrs Rajesh Sreenivasan<br>& Family |

## *HAPPY ONAM GREETINGS*

| | |
|---|---|
| Rajamani Francis Pereira / Shobi Pereira | Mr & Mrs D. Sabu & Family |
| Mr & Mrs K. Ravi & Family | Mr & Mrs M. Sreenivasan & Family |
| Mr & Mrs Richard Gomez & Family | Mr & Mrs C. Shanmugam & Family |
| Mr & Mrs G.P. Revi & Family | Mr & Mrs P.R. Srini & Family |
| Mr & Mrs Rozario & Family | Mr & Mrs Stanley Augustine & Family |
| Mr & Mrs V. Srinivasan & Family | Mr & Mrs M.A. Sathar & Family |
| Mr & Mrs G.P. Sasidharan & Family | Mr & Mrs C.M. Simon & Family |
| Mr & Mrs D. Sambasivan & Family | Sarojini Chandran & Family |
| Mr & Mrs D. Sudheeran & Family | Mr & Mrs Sebastian Ittiachen & Family |
| Mr & Mrs N. Sarasijakshan & Family | P. Saraswathy Pillai & Family |

## *HAPPY ONAM GREETINGS*

| | |
|---|---|
| Dr Suresh Nair<br>Sarojini Nair & Family | Mr & Mrs M. Velayudhan<br>& Family |
| Mr & Mrs Stephen Samuel<br>& Family | Mr & Mrs Vikraman Nair<br>& Family |
| Mr Suresh & Mr Manikandan<br>Calicut | Major & Mrs Vijayan Pillai<br>& Family |
| Sindhu & Family | Mr & Mrs Vasudevan Nair<br>& Family |
| Mr & Mrs K. Vasu<br>& Family | Mr & Mrs Viswa Sadasivan<br>& Family |

# Please Patronise
# Our
# Advertisers

# കൃഷ്ണതുളസി

മുന്ന

കൃഷ്ണ അന്ന് പതിവിലേറെ സന്തോഷത്തോടെയാണ് ഉറക്കമുണർന്നത് രാവിലത്തെ കുളിർക്കാറ്റും പുലർകാലത്തിലെ ഇളവെയിലും തുളസിയെ വല്ലാതെ സന്തോഷവതിയാക്കി. ചുറ്റും പൂത്തു വിടർന്നു പരിലസിച്ചു നിന്നിരുന്ന കൂട്ടുകാരികളും സന്തോഷത്താൽ ഇളകിയാടുകയാണ്. എത്ര സുന്ദരികളാണവരെന്ന് തുളസി അഭിമാനത്തോടെ ഓർത്തു.

അതെ തങ്ങളെല്ലാം ഒരു കുടുംബത്തിൽ പെട്ടവരാണ്. ഒരാളുടെ സന്തോഷം മറ്റുള്ളവരേയും സന്താഷിപ്പിക്കുന്നു. ഒരാളുടെ വിജയം മറ്റുള്ളവരേയും അഭിമാനം കൊള്ളിക്കുന്നു. ഒരാളുടെ പരിശുദ്ധി മറ്റുള്ളവരിലും പടരുന്നു. ഒരാളുടെ വേദന മറ്റുള്ളവരേയും വേദനിപ്പിക്കുന്നു മൂകരാക്കുന്നു.

തൂമണം വീശുന്ന പിച്ചിയും, നിറവും മണവും കൊണ്ടനുഗ്രഹീതയായ റോസയും പലവർണ്ണങ്ങളിൽ പൂത്തു വിടർന്നു നിൽക്കുന്ന മറ്റനേകം ചെടികളും തൻെറ സഹോദരിമാരാണ്. താൻ അവരെപ്പോലെയൊന്നും വലിയ സുന്ദരിയല്ലെങ്കിലും അവർക്കൊന്നുമില്ലാത്ത പരിശുദ്ധിയും ഗുണവും തനിക്കുണ്ട്. ഭഗവാനർച്ചിക്കപ്പെടുന്നത് തന്നെയാണ്. അത് മറ്റുള്ളവർക്കൊക്കെ അറിയുകയും ചെയ്യാം അവരെല്ലാം തന്നെ അംഗീകരിക്കുന്നും ഉണ്ട്. തനിക്കതുമതി. മണത്തേക്കാളേറെ. നിറത്തേക്കാളേറെ.

തുളസി പെട്ടെന്ന് ഒരുശബ്ദം കേട്ടു. ഒരപരിചിതൻ തൻെറ വീട്ടുടമസ്ഥനോടു സംസാരിച്ചുകൊണ്ട് തോട്ടത്തിലേക്കു നടന്നടുക്കുകയാണ്.ആളെ കണ്ടാലറിയാം മാന്യനാണെന്ന്. വിദേശിയാണെങ്കിലും ഗർവ്വ് തീരെയില്ലാത്ത, പെറ്റനാടിനെ മതിക്കുന്ന ഒരു നല്ലമനുഷ്യൻ. അദ്ദേഹം പറയുന്നകേട്ടു "ഇപ്രാവശ്യം തിരിച്ചു പോകുമ്പോൾ എനിക്കൊരു തുളസിത്തൈ കൊണ്ടുപോയെങ്കിൽ കൊള്ളാമായിരുന്നു, ഡയറക്റ്റ് ഫ്ളൈറ്റ് ഉള്ളതുകൊണ്ട് പെട്ടെന്നവിടെ എത്തിക്കാം." അതിന് തൻെറ ഗൃഹനാഥൻ മറുപടി പറയുന്നതും കേട്ടു. "അതിനെന്താ ഇവിടെ നല്ല ഒരു തൈ നിൽപ്പുണ്ട്, അങ്ങു തിരിച്ചു പോകുമ്പോൾ പിഴുതെടുത്ത് ഭദ്രമായി കെട്ടി തരാം."

കൃഷ്ണ ഞെട്ടിപ്പോയി. 'ദൈവമേ, താൻ സ്വപ്നത്തിൽ കൂടി ഭാവനകണ്ടിട്ടില്ലാത്ത ഒരെതിർകാലമോ തനിക്ക്.'! ഓർത്തപ്പോൾ തന്നെ നടുങ്ങിപ്പോയി. കൃഷ്ണ അച്ഛൻേറയും അമ്മയുടേയും മുഖത്തു നോക്കി. അവരും അപ്രതീക്ഷിതമായ ആ വാർത്തകേട്ടു തരിച്ചു നിൽക്കുകയാണ്. പക്ഷെ മുഖം കണ്ടാലറിയാം ആ വാർത്ത അവർ തങ്ങൾക്കു കിട്ടിയ ഒരു ബഹുമതിയോ അംഗീകാരമോ ആയി കണക്കാക്കുകയാണ്. തന്നെ വിട്ടുപിരിയുന്നതിലേറെ അവരിൽ ഗൃഹസ്ഥനോടുള്ള നന്ദിയും, വിദേശിയോടുള്ള ബഹുമാനവും തെളിഞ്ഞു കണ്ടു.

കൃഷ്ണക്കു പിന്നെ ഒന്നും ചോദിക്കാൻ തോന്നിയില്ല. തൻെറ വിധി ഇതാകും. ഇവിടെയല്ലെങ്കിൽ മറ്റൊരിടത്ത്. എന്നും പറിച്ചു നടേണ്ടവരല്ലെ ചെടികൾ. പിരിച്ചുമാറ്റപ്പെടേണ്ടവരല്ലെ ചെടികൾ. തൻെറ വിധി ഇതാകും. നിശ്ശബ്ദം സഹിക്കുക. തനിക്കും വിലയുണ്ടെന്ന ഒരു തോന്നൽ അറിയാതെ മനസ്സിൽ എപ്പോഴോ കടന്നു കൂടി.

കൃഷ്ണയുടെ വിദേശയാത്രയിൽ ആശ്ചര്യപ്പെട്ടു ചിലർ. തങ്ങൾക്കൊന്നു മുണ്ടാകാത്ത വലിയ ഉയർച്ച. അവർ കൃഷ്ണയോടു പറഞ്ഞു "നീ ഭാഗ്യവതിയാണ് പ്ലയിനിലൊക്കെ കയറി അങ്ങു ദൂരെ പോകാം. നല്ലയാൾക്കാരും വളരെ സുഖസൗകര്യങ്ങളുള്ള സമ്പന്ന നാട്ടിൽ പോകുമ്പോൾ ഞങ്ങളെയൊന്നും മറക്കരുതേ". കൃഷ്ണ അഭിമാനത്തോടെ തലകുലുക്കി. തെല്ല് അഹംഭാവത്തോടും

പക്ഷെ ദിവസം അടുക്കുംതോറും മനസ്സാകെ ഉത്ക്കണ്ഠകൊണ്ട് മൂടപ്പെട്ടു. താനെവിടെ പോകുന്നു? യാതൊരു പരിചയവുമില്ലാത്ത നാട്! ഒന്നും ഓർക്കാതിരിക്കാൻ കൃഷ്ണ മനസ്സിനെ വിലക്കി. കല്ലാക്കി. എന്തും സഹിക്കണം. എല്ലാം ഒരുപക്ഷെ നല്ലതിനായിരിക്കും എന്ന നേരിയ പ്രതീക്ഷ. ഒന്നുമല്ലേലും താൻ ദൈവത്തിൻ പ്രിയപ്പെട്ടവളാണല്ലോ എന്ന ചിന്ത തുളസിക്ക് ധൈര്യം നൽകി. എവിടെ പോയാലും താൻ നശിക്കില്ലെന്ന വിശ്വാസം. ഏതു പ്രതിസന്ധിയിലും താൻ ജീവിക്കും എന്ന ഒരാത്മധൈര്യം.

തുളസി തൻെറ പ്രിയപ്പെട്ട തെച്ചിയോടു മാത്രം മനസ്സു തുറന്നു പറഞ്ഞു "എൻെറ തെറ്റീ, സ്വപ്നത്തിൽ പോലും ഇങ്ങിനെ ഒരു ഭാവി ഇല്ലായിരുന്നു ഞാൻ എന്തുചെയ്യട്ടെ? നല്ലതിനോ ചീത്തയ്ക്കോ?" തെച്ചി ധൈര്യപ്പെടുത്തി, "എല്ലാം നല്ലതിനു വേണ്ടി ആണെന്നു കരുതൂ. നീ നല്ലതല്ലെ ചെയ്തിട്ടുള്ളു. പരിശുദ്ധിയുടെ പ്രതീകമായ നിനക്കു നല്ലതേ വരൂ. നീ ദൈവത്തിനു പ്രിയപ്പെട്ടവളല്ലെ."

കൃഷ്ണ ധൈര്യം സംഭരിക്കാൻ തുടങ്ങി. പക്ഷെ സംഭരിക്കുന്ന ധൈര്യമെല്ലാം ചോർന്നു പോകുന്നപോലെ. കടൽമണലിൽ എഴുതിയ കവിതപോലെ. തിരകൾ മായ്ച്ചുകൊണ്ടിരുന്നു. തന്നെ വേണമെന്നു

പറഞ്ഞു വന്നിരിക്കുന്ന മാന്യനോടു ഒരൽപ്പം ദേഷ്യം തോന്നാതിരുന്നില്ല. "എന്തേ ഒന്നു തന്റെ മുന്നിൽ വന്ന് തന്നെ ധൈര്യവതിയാക്കുന്നില്ല?" എല്ലാവരേയും പിരിഞ്ഞു കൂടെ ചെല്ലുന്നതല്ലെ? എല്ലാം തന്റെ തലവിധി. അല്ലാതെന്തു പറയാൻ. കൃഷ്ണ എല്ലാ സങ്കടങ്ങളും ദൈവത്തോടു പറഞ്ഞു കരഞ്ഞു.

കൃഷ്ണ അച്ഛനോട ചോദിച്ചു "അച്ഛാ കൃഷ്ണ പോകുമ്പോൾ ഇവിടുന്ന് കുറച്ചു മണ്ണു കൂടി കെട്ടിപ്പൊതിഞ്ഞു കൊണ്ടു പോകട്ടെ? അച്ഛൻ ചിരിച്ചു, "കൊള്ളാം ആസമ്പന്നഭൂമിയിലേയ്ക്ക് ഇവിടെ നിന്നും മണ്ണോ! വേണ്ട. നിനക്കവിടെ എല്ലാം ഉണ്ടാവും. നീ വിഷമിക്കണ്ട.". അവർ നല്ലവരാണ്. ഈശ്വരവിശ്വാസികളും നമ്മുടെ സംസ്ക്കാരം മറക്കാത്തെ കുലീനരുമാണ്. നിനക്കവിടെ ഒരു വിഷമവും ഉണ്ടാകില്ല..

പിരിയേണ്ട ദിവസം അടുക്കുംതോറും. കൃഷ്ണ കൂടുതൽ മൂകയായി. താൻ ഇത് ആഗ്രഹിച്ചിരുന്നോ? ഇത്ര വലിയ ഒരു വേർപിരിവ്! ഉറ്റോരെ മാത്രമല്ല. പെറ്റമണ്ണിനെ,നാട്ടാരെ എല്ലാംവിട്ട്, അങ്ങകലെ. കൃഷ്ണ ചിന്തിക്കാൻകൂടി അശക്തയായി.

അങ്ങിനെ കൃഷ്ണതുളസിയുടെ വിധിനിർണ്ണായക ദിവസം അടുത്തു. കൃഷ്ണ തന്റെ മനസ്സിനെ കല്ലാക്കി. നിർവ്വികാരതയോടെ എന്തും സഹിക്കാനുള്ള പാകതയോടെ കണ്ണടച്ചുനിന്നു. കൃഷ്ണയെ പിഴുതെടുത്തപ്പോൾ ജീവിക്കാനാവശ്യമായ ഒരൽപ്പം മണ്ണുമാത്രമേ ഉടമസ്ഥൻ കവറിലാക്കിയുള്ളു. കൃഷ്ണ അതിൽ പറ്റിപ്പിടിച്ചിരിക്കാൻ ശ്രദ്ധിച്ചു. എങ്കിലും പിഴുതെടുക്കുമ്പോൾ വേരുകൾ ചിലത് പൊട്ടിപ്പോയ വേദനയും, പ്ലെയിൻ യാത്രയും എല്ലാം കൂടി കൃഷ്ണ വല്ലാതെ തളർന്നിരുന്നു.

കൃഷ്ണ കാറിൽകയറി വീണ്ടും യാത്രയായി. വെളിയിലേയ്ക്കു നോക്കി മനോഹരമായി നട്ടുപിടിപ്പിച്ച ചെടികൾ. കൃത്രിമസൗന്ദര്യം അതിന്റെ പരമോന്നതയിൽ. കുറേ നേരം നോക്കിയിരുന്നപ്പോൾ തുളസിക്കു തലചുറ്റുന്നതുപോലെ. ഹൃദയം കവരുന്ന ഒരു മനോഹാരിതയും അവയ്ക്കൊന്നും ഇല്ല. ആരൊക്കെയോ കുടി പിഴുതെടുത്ത് അടുക്കി വച്ചിരിക്കുന്ന ജീവനില്ലാത്ത പ്ലാസ്റ്റിക് ചെടിയെ ഓർമ്മിപ്പിക്കുന്ന ചെടികൾ. വിനയാന്വിതരായി തന്റെ യജമാനന്റെ കൽപ്പനയും കാത്തു, അനുസരണയോടെ നിൽക്കുന്ന കാവൽഭടന്മാരെപ്പോലെ തോന്നിച്ചു അവർ. പുഷ്പ്പിക്കാൻ പറയുമ്പോൾ പുഷ്പ്പിക്കണം, മാറ്റാൻ തോന്നുമ്പോൾ പിഴുതുമാറ്റി മറ്റൊരിടത്തേയ്ക്ക്. ഭംഗികൂടാൻ വേണ്ടി ശിഖരങ്ങൾ വെട്ടുക, വളർച്ച നിയന്ത്രിക്കാൻ വേണ്ടി വേരുകളിൽ ചിലത് വെട്ടിമാറ്റുക, ദൈവമേ ഇതൊരു ജീവിതമാണോ! കൃഷ്ണയ്ക്കവയോടു സഹതാപം തോന്നി. ശരിക്കും ഉള്ള ജീവിതം എന്തെന്നറിഞ്ഞുകൂടാത്ത, ഒരിക്കലും അറിയപ്പെടാനിടയില്ലാതെ മണ്ണടിയേണ്ടുന്ന പാവങ്ങൾ.

പറഞ്ഞറിയിക്കാനാവാത്ത ഒരു വിഷാദം കൃഷ്ണയെ മൂടി.ഒരൽപ്പം തണലിനായി, ഒരിത്തിരി വെള്ളത്തിനായി അവൾ കൊതിച്ചു. തനിക്കു വേരോടാനുള്ള മണ്ണെവിടെ? കൃഷ്ണ ആകാംഷയോടെ വെളിയിൽ നോക്കി. തനിക്ക് ശിഷ്ടകാലം ജീവിക്കേണ്ടുന്ന വീട്. തനിക്ക് വേരോടേണ്ടുന്ന മണ്ണ്, ഒക്കെ കാണാനുള്ള ആകാംഷ. തനിക്ക് വെള്ളം തന്ന് ശുശ്രൂഷിക്കാൻ തന്റെ നന്ദിനിചേച്ചിയെ പോലെ ഒരു ചേച്ചി ഇവിടേയും ഉണ്ടാകുമോ? തളർന്നു വീഴാറായ ഒരു സമയം കൃഷ്ണ വീടെത്തി.

പത്തുനൂറു തീപ്പെട്ടിക്കൂടുകൾ അടുക്കി വയ്ച്ച പോലെ ഒരു പടുകൂറ്റൻ കെട്ടിടം. അതിൽ ഒരു തീപ്പെട്ടിയാണ് തന്റെ ഉടമസ്ഥന്റെ വീട്. എല്ലാ വീടിനും മുന്നിലും ചെടിച്ചട്ടികളിലായി കുറേ ചെടികൾ ഉണ്ട്. ആവശ്യത്തിനു വേരോടാൻ മണ്ണില്ലാതെ, ചുറ്റും കോൺക്രീറ്റിന്റെ ചൂടിൽ ഇത്ര ഭംഗിയായി ചിരിച്ചുകൊണ്ടു നിൽക്കാനുള്ള അവരുടെ കഴിവിനെ കൃഷ്ണ മനസ്സാ സ്തുതിച്ചു.

അതിനിടയിൽ ആരോ തന്നെ പൊക്കിയെടുക്കുന്നത് കൃഷ്ണ അറിഞ്ഞു. തന്നെയും ഒരു ചട്ടിക്കുള്ളിലാക്കാനുള്ള ശ്രമമാണ്. പക്ഷെ അതിനു മുൻപ് അവർ കൃഷ്ണയെ ആകെ ഒന്നു കുലുക്കി, അവശേഷിച്ചിരുന്ന ഇന്ത്യൻ മണ്ണുകൂടി കളഞ്ഞിട്ടാണ് അവർ ചട്ടിക്കുള്ളിൽ പൂഴ്ത്തിവച്ചത്. ഒരൽപ്പം വെള്ളവും തളിച്ചു ദൈവത്തിനു സ്തോത്രം. കൃഷ്ണ ദാഹം തീർത്തു.പക്ഷെ, വേരു പൊട്ടിയ വേദന, പുതിയ മണ്ണിന്റെ പ്രത്യേക ഗന്ധം, എല്ലാംകൂടി കൃഷ്ണ നന്നെ തളർന്നുപോയി. ഒന്നു മയങ്ങി എണീറ്റു നോക്കി. പുതുമണ്ണിൽ വേരോടാനുള്ള മടി. എങ്കിലും ഓടിയേ പറ്റൂ .നല്ല വൃത്തിയുള്ള പുതുമണ്ണ് കാണും തോറും കൃഷ്ണയ്ക്ക്, തന്റെ അച്ഛനും അമ്മയും സഹോദരരോടും കൂട്ടുകാരോടും നിന്ന സ്വന്തം മണ്ണിനെപറ്റിയുള്ള ഓർമ്മ വല്ലാതെ നൊമ്പരപ്പെടുത്തി. അതിനി ഒരിക്കലും തന്റെ സ്വന്തമല്ലെന്ന ചിന്ത വല്ലാത്ത നഷ്ട ബോധം സൃഷ്ടിച്ചു. ഈ നൊമ്പരവും നഷ്ടബോധവും പേറി താനിനി ഈ ജന്മം മുഴുവനും ഇവിടെ. ദൈവമേ ഓർക്കാൻ കൂടി കൃഷ്ണ അശക്തയായി.

കൃഷ്ണ നാലുവശവും നോക്കി. ചുറ്റിനും അധികവും താൻ ഇതുവരെ കണ്ടിട്ടില്ലാത്ത ചെടികളാണ്. വലിയ മരങ്ങളുടെ ആകൃതിയിൽ നിൽക്കുന്ന കൊച്ചു മരങ്ങളാണ്. ബോൺസായി എന്നാണത്രെ അവയുടെ പേര്. കൃഷ്ണക്കവയോടു സഹതാപം തോന്നി. വളർച്ച നിഷേധിച്ച പാവങ്ങൾ. എന്നാൽ

അവരിൽ ഒരു വിഷമവും കണ്ടില്ല. മറിച്ച് വലിയ ഗർവ്വിഷ്ഠരായാണ് നിൽപ്പ്. കൃഷ്ണക്കു പറയണമെന്നു തോന്നി "വലിയ ഗർവ്വൊന്നും കാട്ടണ്ട ട്ടോ നിങ്ങളുടെ വേരുകളൊക്കെ തോണ്ടിയെടുത്ത് മുറിച്ച്, വളരാനനുവദിക്കാതെ കുള്ളന്മാരാക്കി നിർത്തിയിരിക്കയാണ്.ഞങ്ങളുടെ നാട്ടിലായിരുന്നെങ്കിൽ നിങ്ങൾക്ക് മാനംമുട്ടെ വളർന്നു നിൽക്കാമായിരുന്നു" പക്ഷെ, തന്നെ അവർ വളരെ താഴ്ന്ന രീതിയിൽ നോക്കുന്നതു കണ്ടപ്പോൾ, കൃഷ്ണക്ക് ഒന്നും പറയാൻ തോന്നിയില്ല. നിനക്കെന്തു യോഗ്യതയാണ്. ഞങ്ങളുടെ സമ്പന്നഭൂമിയിലേയ്ക്കു വരാൻ എന്ന അർത്ഥം നിറഞ്ഞ നോട്ടം. പുച്ഛരമായ നോട്ടം കൃഷ്ണ ചൂളിപ്പോയെന്നു പറഞ്ഞാൽ മതിയല്ലോ.

പിന്നീടു കൃഷ്ണ കണ്ടത് കുറെ ഓർക്കിഡിനെയാണ്. അവയ്ക്ക് വളരാൻ മണ്ണൊന്നും വേണ്ട. കുറെ കരിക്കട്ട മതി. എന്തു സന്തോഷത്തോടെയാണ് പൂത്തുലഞ്ഞു നിൽക്കുന്നത്! അതും പലവിധ വർണ്ണങ്ങളിൽ. മാസങ്ങളോളം അവയ്ക്കങ്ങിനെ പൂത്തുലഞ്ഞു നിൽക്കാൻ കഴിയുമത്രെ. കൃഷ്ണയ്ക്ക വയോടൊരൽപ്പം ഇഷ്ടം തോന്നി കാണാൻ മാത്രം. മാനസികമായി ഒരടുപ്പവും തോന്നിയില്ല. തൻെറ നാട്ടിലെ പിച്ചിയ്ക്കും മുല്ലയ്ക്കും ചെമ്പകത്തിനും ഉള്ള ഹൃദയ വിശുദ്ധിയോ, നിഷ്ക്കളങ്കതയോ നൈർമ്മല്യമോ ഒന്നും അതിനുള്ളതായി തോന്നിയില്ല.

കൃഷ്ണയ്ക്കൊരൽപ്പം ആശാസം തോന്നിയത് അവിടെ കണ്ട തെച്ചിയെ കണ്ടപ്പോഴാണ്. പക്ഷെ അവയ്ക്കും സ്വാഭാവികതയില്ല കൃത്രിമ സൗന്ദര്യമാണ്. ആരോ വെട്ടി നുറുക്കി, ചിട്ടപ്പെടുത്തിയിട്ട്, പൂത്തു നിൽക്കാൻ കൽപ്പനയിട്ടപ്പോൾ പൂത്തു നിൽക്കുന്നപോലെ. എങ്കിലും ഒരു തെച്ചിയല്ലെ, തന്നെപ്പോലെ ഭഗവാന് അർച്ചിക്കപ്പെടേണ്ടവൾ. തൻെറ സ്ഥാനം അതിനടുത്തായിരുന്നെങ്കിൽ എന്നുകൂടെ അവൾ ആശിച്ചു. അവൾ നിറയെ പൂത്തുലഞ്ഞു നിൽക്കയാണ്.അവൾ തന്നെനോക്കി ചിരിച്ചപ്പോൾ എന്തോ നിധി കിട്ടിയ സന്തോഷം.

കൃഷ്ണയ്ക്കു വീണ്ടും ദാഹം തോന്നി. തളർച്ചയും. ഒരൽപ്പം ദാഹജലം കിട്ടിയിരുന്നെങ്കിൽ. കൃഷ്ണ തൻെറ നന്ദിനിചേച്ചിയെ ഓർത്തു. കൃത്യസമയത്തിൽ പതിവുതെറ്റാതെ, തനിക്കു വെള്ളമൊഴിച്ചു പരിപാലിച്ചിരുന്ന നന്ദിനി ചേച്ചി.

വളരെനേരം കഴിഞ്ഞപ്പോൾ അകത്ത് ആരോ വിളിച്ചു പറയുന്നതു കേട്ടു. "എടീ വെള്ളമൊഴിക്കേണ്ടുന്ന സമയം കഴിഞ്ഞു' എന്ന്. അൽപ്പം കഴിഞ്ഞ് ആരോ വന്ന് ജോലി ഒഴിക്കാനെന്ന മട്ടിൽ നിരത്തിപ്പിടിച്ച്, ഓസ് കൊണ്ടോ മറ്റോ ധൃതിയിൽ വെള്ളമൊഴിച്ചു. കൃഷ്ണയ്ക്ക് ആ ശക്തിയോടെയുള്ള വെള്ളമടിയേറ്റു, താൻ വേരോടെ താഴെ വീണു പോകുമെന്നു തോന്നി. പിടിച്ചുനിൽക്കാൻ ആവുന്നത്ര നോക്കി. എന്നിട്ടും കുഴഞ്ഞു വീണു. പിന്നെ, എപ്പോഴോപതുക്കെ നിവർന്നു ഒരു രാത്രി മുഴുവനുമെടുത്തു നിവരാൻ. ദൈവമേ ഇതു പോലെ രണ്ടു പ്രാവശ്യം കൂടിയായാൽ തൻെറ കഥ കഴിഞ്ഞതുതന്നെ ആരോടാണ്. സങ്കടം പറയുക

പിറ്റേ ദിവസം തോട്ടമുടമയെ കാണാൻ കുറേ പരിചയക്കാർ വന്നു. അവർ ചോദിച്ചു." ചേട്ടൻ നാട്ടിൽ നിന്നു കൊണ്ടുവന്ന തുളസി കൊള്ളാം പക്ഷെ പുതിയ മണ്ണിൽ വേരു പിടിക്കുമോ എന്ന് സംശയമാണ്. പക്ഷെ, പറഞ്ഞിരുന്നെങ്കിൽ ഞാൻ വേറെ നല്ല തുളസിത്തൈ കൊണ്ടു തരുമായിരുന്നല്ലോ. ഇവിടെ അടുത്തൊരിടത്ത് നല്ല തുളസിത്തൈ ഉണ്ടായിരുന്നല്ലോ. ഏതിനും ഇതു മൂടു പിടിക്കുമോ എന്നു നോക്കട്ടെ. ഇല്ലെങ്കിൽ ഞാൻ വേറേ കൊണ്ടുത്തരാം." "ആവട്ടെ" എന്നു തലകുലുക്കുന്നതും കൃഷ്ണ കണ്ടു. കൃഷ്ണയ്ക്കു തല ചുറ്റുന്നതു പോലെ തോന്നി. ഈശ്വരാ നിന്ന നിൽപ്പിൽ ഭൂമി പിളർന്ന് താഴെ പോയെങ്കിൽ. താൻ ഒന്നുമല്ലാതായ ഒരവസ്ഥ. തൻെറ ജീവനു പോലും ഇവിടെ വിലയില്ല. പിന്നല്ലെ അഭിമാനത്തിന്.

ഇല ചെന്നു മുള്ളിൽ വീണാലും മുള്ളു ഇലയിൽ വീണാലും ഇലയ്ക്കുതന്നെ ദോഷം. തൻെറ മാത്രമല്ല, എല്ലാ ചെടികളുടേയും അവസ്ഥ ഇതു തന്നെയാണ്. പെണ്ണായി പിറന്നതിൻെറ ശിക്ഷ. പിറന്നുവീഴുന്ന മണ്ണും ജനിച്ചു വളരുന്ന വീടും മാതാപിതാക്കളും ഒക്കെ അവൾക്കുമാത്രം അന്യമാവുന്നു ഒരുകണക്കിനു പ്രത്യേകതകളൊന്നുമില്ലാത്ത കാട്ടുതുളസികളാണ് ഭാഗ്യവതികൾ

തന്നെ ഇവിടെ കൊണ്ടുവന്ന മാന്യദേഹം കൊണ്ടുവന്നതോടെ കടമ തീർന്നമട്ടിൽ പിന്നെ തന്നെ ഒന്നു നോക്കിയിട്ടുകൂടിയില്ല. ഇതാണോ ഇവർ കൃഷ്ണതുളസിയ്ക്കു കൊടുക്കുന്ന മര്യാദ. .പിന്നെ എന്തിനു കൊണ്ടുവന്നു എന്ന് ഒരിക്കൽ ചോദിച്ചപ്പോൾ "അച്ഛനു ഇഷ്ടമായതിനാൽ" ആണത്രെ. (വീട്ടിൽ ഒരു കൃഷ്ണ തുളസിയുള്ളത് ഐശ്വര്യമാണത്രെ) അതു ശരിയായിരിക്കും കാരണം അച്ഛൻ തനിക്ക് സമയത്തിനു വെള്ളമൊഴിക്കുന്നുണ്ടോ എന്നൊക്കെ വല്ലപ്പോഴുമെങ്കിലും അന്വേഷിക്കുന്നതു കണ്ടിട്ടുണ്ട്. തന്നോടുള്ള ഇഷ്ടമല്ല, മറിച്ച് ദൈവത്തിനോടുള്ള പേടിയാണെന്നു തോന്നുന്നു അദ്ദേഹത്തെക്കൊണ്ട് അതു ചെയ്യിക്കുന്നത്. ഏതിനും തൻെറ കാണപ്പെട്ട ദൈവം അദ്ദേഹം തന്നെ. ഈ അന്യനാട്ടിൽ വന്നിട്ടും പാരമ്പര്യം മറക്കാത്ത യാഥാസ്ഥിതികൻ

പക്ഷെ തൻെറ രക്ഷകനെന്നു ഭാവിക്കുന്ന മാന്യനു അതൊന്നും ഇല്ല. തന്നെ ഇഷ്ടമല്ലെന്നു മുഖഭാവം

കണ്ടപ്പോൾ തോന്നി. പക്ഷെ കൃഷ്ണക്ക് ഇഷ്ടം തോന്നി തന്റെ ഉണ്ണിക്കണ്ണനെപ്പോലെ. അദ്ദേഹം തോട്ടത്തിന്റെ അടുത്തൂടെ പോകുമ്പോൾ ഓർക്കിഡിനേയും കുള്ളൻ മരത്തിനേയും ഒക്കെ വാത്സല്യവും ശൃംഗാരവും കലർന്ന മട്ടിൽ നോക്കുന്നതു കണ്ടിട്ടുണ്ട്. കൃഷ്ണക്ക് അപ്പോൾ അസഹനീയമായ വിഷമം, തോന്നും. സഹിക്കും. അല്ലെങ്കിൽ ദേഷ്യം വന്നാലോ. (പക്ഷെ മനസ്സിൽ എന്തൊക്കെയോ പൊട്ടിത്തകരുന്നത് കൃഷ്ണ അറിഞ്ഞു. ഒരു സ്വപ്നംപോലും താലോലിക്കാനില്ലാതെ മുരടിക്കാനോ തനിക്കു വിധി! അതിനോ താൻ ഇതുവരെ സ്വപ്നങ്ങളൊന്നും കാണാതെ കാത്തുനിന്നത്. കൂടുതൽ നല്ലവളാകാൻ ശ്രമിച്ചതിന്റെ ശിക്ഷയാവും) ഒരിക്കൽ അറിയാതെ കളയാണെന്നു കരുതി തന്നെ പിഴുതെറിയാൻ തുടങ്ങിയതാണ്. ഭാഗ്യത്തിനു മുത്തശ്ശി കണ്ടു കൊണ്ട് "അയ്യോ എന്റെ തുളസി" എന്നൊരു വിളി. അതു കൊണ്ട് വലിയ പരുക്കുകൂടാതെ അന്നു രക്ഷപ്പെട്ടു. അതിൽ പിന്നെ രക്ഷകന്റെ സ്നേഹത്തിനു വേണ്ടി കേണിട്ടില്ല. മറിച്ച്, അടുത്തുവരുമ്പോൾ പേടികൂടിയാണ്. അതു കാണുമ്പോൾ ഓർക്കിഡും, കുട്ടിമരവും അടക്കി ചിരിക്കും. അവരുടെ നല്ലകാലം അല്ലാതെന്തു പറയാൻ.

തനിക്കു വന്നുപിടിച്ച അവസ്ഥ തുളസിക്കു ശരിക്കും മനസ്സിലായത് അപ്പോഴാണ്. ഒരറ്റത്ത് ഉറ്റവരെ വേർപെട്ട ദുഖം. മറ്റൊരറ്റത്ത് പുതു മണ്ണിൽ വേരോടാനുള്ള മടി. അതിനിടയിൽ തനിക്കേറ്റ ഈ അപമാനം എല്ലാകൂടിതാൻ തീർത്തും പരാജയപ്പെട്ടിരിക്കുന്നു ഇനിയൊരിക്കലും കരകയറാനാകാത്ത വിധം. നിലനിൽപ്പിന്റെ പ്രശ്നം. ഈശ്വരാ തന്റെ അന്ത്യം ഇതാകുമോ! ഇവിടെയാകുമോ ഈ അപരിചിതരുടെ ഇടയിൽ. തനിക്കു വേണ്ടി കണ്ണീർ പൊഴിക്കാൻ ആരുമില്ലാത്ത ഇവിടെ! തനിക്കെന്തെങ്കിലും സംഭവിച്ചാൽ തന്റെ അച്ഛനമ്മമാർക്കെന്തു വിഷമമാകും. താനായിട്ട് നല്ല പേരുണ്ടാക്കിയില്ലെങ്കിലും ദുഷ്പേരുണ്ടാക്കണ്ട. തന്നെ ഇത്രയും വളർത്തി വലുതാക്കിയതിനു അവർക്കു മരണംവരെ കണ്ണീർ സമ്മാനിക്കണ്ട. ഒരു പറിച്ചുനടൽ കഴിഞ്ഞു മുറിവുണങ്ങുന്നതിനു മുൻപ് മറ്റൊന്നോ! തനിക്കതിനു കഴിയുമോ? ജീവിതത്തിൽ തോറ്റ് തിരിച്ചു ചെല്ലുന്ന തന്നെനോക്കി സഹത പിക്കാനും പരിഹസിക്കാനും ആൾക്കാർ കാണും. അഭിമാനിയായ മനുഷ്യന് മരണമാണ് അപമാനത്തേക്കാൾ ഭേദം. കൃഷ്ണയുടെ കണ്ണുകളാകെ കണ്ണീരാൽ മൂടി. കൃഷ്ണ ദൂരെ നിൽക്കുന്ന തെച്ചിയെ നോക്കി അവളും കേട്ടിരിക്കണം തോട്ടമുടമയുടേയും കൂട്ടുകാരുടേയും സംസാരം. പക്ഷെ അവൾ ഒന്നും അറിയാത്ത മട്ട്. ഓർക്കിഡുകൾ അൽപ്പം സഹതാപമട്ടിൽ നോക്കുന്നു. ബോൺസായി പരിഹസിക്കയും. ദൈവമേ! തന്റെ നാടും വീടും ഉപേക്ഷിച്ചു വന്നതിനുള്ള ശിക്ഷയാണോ ഇത്. കൃഷ്ണക്ക് വല്ലാത്ത ആത്മനിന്ദ തോന്നി. അതുപിന്നെ അപകർഷതയായി മാറുന്നതും അവളറിഞ്ഞു. തനിക്കും ഒരു ഓർക്കിഡോ ബോൺസായിയോ ആകാൻ കഴിഞ്ഞെങ്കിൽ എന്നുപോലും അവളാഗ്രഹിച്ചു. ഒരിക്കലും സാധിക്കാത്ത ആ മോഹം അവൾ മുളയോടെ നുള്ളിക്കളഞ്ഞു. എന്നിട്ടവൾ അൽപ്പം ആത്മവിശ്വാസമാർജജിച്ചു.

ഒരിക്കൽ അവൾ അറിയാതെ നോൺസായിയോടു പറഞ്ഞു, "നിങ്ങൾക്കറിയാമോ ഇന്ത്യയിൽ നിങ്ങൾക്കിവിടെ കിട്ടുന്നതു പോലുള്ള നല്ല വിലയും നിലയും എനിക്ക് കിട്ടിയിരുന്നു നല്ല തിട്ടയൊക്കെ കെട്ടി, ഞാനും നല്ല അന്തസ്സിൽ ആഭിജാത്യത്തിൽ കഴിഞ്ഞതാണ്". അതുകേട്ടു ബോൺസായി വളരെ ഉച്ചത്തിൽ പരിഹസിച്ചു ചിരിച്ചു. എന്നിട്ടു പറഞ്ഞു, "ഓ ഇന്ത്യാക്കാർ അതും മലയാളികൾ, അവർ അതും പറയും അതിലപ്പുറവും ചെയ്തില്ലെങ്കിലേ അൽഭുതമുള്ളൂ". നിറവും മണവുമൊന്നുമില്ലാത്ത നിനക്കോ തിട്ട കെട്ടി.. അവരെല്ലാവരുംകൂടി ആർത്തു ചിരിക്കാൻ തുടങ്ങി. എല്ലാം അറിയുന്ന തെച്ചികൂടി ആ ചിരിയിൽ പങ്കുചേർന്നപ്പോൾ തനിക്കവളോടാദ്യമായി പുച്ഛം തോന്നി. തന്റെ നാട്ടിനെ, നാട്ടാരെ മറന്നവൾ. അവളും ഒരുങ്ങിയിരിക്കുന്നു. വെട്ടി നിർത്തിയ മോഡേൺ ചെടികളെപ്പോലെ കുറ്റിച്ചെടിയായി നിറയെ പൂത്തുലഞ്ഞു കൊണ്ട്. അന്യനാട്ടിനു ചേർന്ന പരിവേഷം. ബോൺസായിക്കും ഓർക്കിഡിനും ഒപ്പം എത്താൻ വേണ്ടിയുള്ള പരിവർത്തനം. പിന്നെ, പതിയെ, അവളോടുള്ള പുച്ഛം അലിഞ്ഞലിഞ്ഞില്ലാതായി. അവളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഈ നാട്ടിനു ചേർന്ന പരിവർത്തനം. നിലനിൽപ്പിന്റെ പ്രശ്നം. താനും മറേണ്ടിയിരിക്കുന്നു. ഇവർക്കു ചേർന്ന വിധത്തിൽ ഇവർ ആഗ്രഹിക്കുന്ന രീതിയിൽ മറേണ്ടിയിരിക്കുന്നു "കൃഷ്ണാ നീ തന്നെ തുണ. ഒരിറ്റ് ധൈര്യം തരൂ, ഒരിറ്റ് ആത്മവിശ്വാസം തരൂ, ഒരിറ്റ് സ്നേഹം തരൂ"

കൃഷ്ണ വേദനയോടെ ഓർത്തുപോയി......
സ്വന്തനാട്ടിൽ ജീവിക്കുമ്പോൾ അതു നമുക്കു തരുന്ന സുരക്ഷിതത്വം സ്വാതന്ത്ര്യം ഒന്നും നാം അറിയുന്നില്ല അക്കരപച്ചകൾ തേടി അന്യനാടുകളിൽ വന്നടിയുമ്പോഴാണ്. നഷ്ടപ്പെട്ടത് വളരെ വലുതായിരുന്നു എന്നറിയുന്നത്. തന്റെ പൂർവ്വികർ എത്ര ഭാഗ്യവാന്മാർ അവർ അന്യനാടു കണ്ടിട്ടില്ല ആരുടേയും അടിമയായില്ല, അവർ സ്വന്തം ഭൂമിയിൽ ജീവിച്ചു, ചുറ്റുമുള്ളവരെ സ്നേഹിച്ചു, സഹായിച്ചു അവരോടൊപ്പം ഇണങ്ങിയും പിണങ്ങിയും ജീവിച്ചു മരിച്ചു. അവർ മരിച്ചപ്പോൾ കരയാൻ ബന്ധുക്കൾ മാത്രമല്ല, വളരെപ്പേരുണ്ടായിരുന്നു ചുറ്റിനും. താനോ? തീപ്പെട്ടിക്കൂടി

നകത്ത് ഒരിക്കൽ പുഴുവിനെപ്പോലെ ചത്തിരിക്കു
മ്പോൾ കരയാൻ സ്വന്തം മക്കൾ കൂടി കാണുമോ!
ഒരുപക്ഷെ അവരും ഇതുപോലെ മറ്റു ക്കൂടുകളിൽ
ജീവിതം ചിട്ടപ്പെടുത്തുന്ന തിരക്കി ലായിരിക്കും
അപ്പോൾ... കൃഷ്ണ മനോഗദത്തിൽ നിന്നുണർന്നു.

ഓരോ നാട്ടിൽ ചെന്നാൽ അവരെപ്പോലെയാകാൻ
ശ്രമിക്കണം പഴംപുരാണവും പറഞ്ഞോണ്ടിരുന്നാൽ
അവ രോടടുക്കാനാ വില്ല. നന്മയും സ്നേഹവും
എല്ലാവ രിലും കാണും എന്തോ ഒന്നു തമ്മിൽ
അകറ്റുന്ന താണ് ആ എന്തോ ഒന്ന് എന്താണെന്ന്
കണ്ടുപിടിക്കാനായി അടുത്ത ശ്രമം. ഭാക്ഷ
യാണോ? ഒരു ഭാക്ഷ ഉടലെടുക്കുന്നതുതന്നെ ഒരു
വിഭാഗം ആൾക്കാർക്ക് മനസ്സു തുറന്ന് ആശയ
വിനിമയം നടത്താനും ഒന്നാകാനുമല്ലേ, അന്യോന്യ
മുള്ള അൽപ സ്വൽപ്പം ഭിന്നതകൾ (തെറ്റുകൾ)
സഹിച്ച് ഇരു കൂട്ടരും അന്യോന്യം മതിച്ചാൽ
സ്നേഹം വളരും ഒന്നാണെന്ന ഭാവം വളരും
കൃഷ്ണയ്ക്കങ്ങിനെയൊന്നും പറയാനവകാശമില്ല.
ഉള്ളിലെ ആശയാണ്. ആശമാത്രമാണ്. എന്നെ
ങ്കിലും ഒരിക്കൽ എല്ലാവരും ഒന്നാകുന്ന കാലം
ഒരു സ്വപ്നമായി കൃഷ്ണ മനസ്സിൽ താലോ
ലിച്ചു,കൃഷ്ണ ഒഴുക്കിനെതിരെ നീന്താതെ
ഒഴുക്കിനൊത്ത് നീന്താൻ കിണഞ്ഞ് പരിശ്രമിച്ചു
കൊണ്ട് ആ യാത്ര തുടർന്നു

കൃഷ്ണ ഓർക്കിൻെറ ക്ഷമാശക്തിയും ബോൺ
സായിയുടെ ത്യാഗവും മതിക്കാൻ പഠിച്ചു. അവ
രുടെ ആ നല്ല ഗുണങ്ങൾകൊണ്ടല്ലെ അവർക്കി
വിടെ ജീവിക്കാനാവുന്നത്! അവരുടെ ക്ഷമാശക്തി
യും വിട്ടുവീഴ്ചാമനോഭാവവും കൊണ്ടല്ലേ പലേ
ഇന ചെടികൾ വാഴുന്ന ഇവിടെ ഒത്തൊരുമയോടെ
മുന്നോട്ടു പോകാനാവുന്നത്. അവർ അന്യനാടിനെ
പെറ്റനാടായിക്കണ്ട് ഒത്തൊരുമയോടെ ജീവിക്കാൻ
ശ്രമിക്കയാണ് താൻ അവരെ കുറ്റപ്പെടുത്തുന്ന
തിലും ഭേദം സഹതപിക്കുകയായിരുന്നു വേണ്ടത്
എന്ന് കൃഷ്ണയ്ക്കു തോന്നി. അവരവർക്കുള്ളതു
കൊണ്ടല്ലേ അഥിതികളെ സൽക്കരിക്കാനാവൂ.
അവർക്കും ഇവിടെ ഇത്രയ്ക്കേ പരിഗണനയും
സ്നേഹവും കിട്ടിയിട്ടുണ്ടാവൂ. തന്നെപ്പോലെ വന്ന
കൃഷ്ണതുളസിമാരും ഉണ്ട്. ഇനിമുതൽ ഒരു
പക്ഷെ, താനും അവരെപ്പോലെ, ഒരു തീപ്പെട്ടി
ക്കൂടിനുള്ളിൽ തൻെറ ലോകം പണിയണം. പിന്നെ
താനും വിശാലമായ മറ്റു ഭൂമിയിൽനിന്നു വിശാല
മായ മനസ്സും ചിന്തകളുമായി വരുന്നവരെ പുശ്ചി
ക്കുമായിരിക്കും. അറിയാതെ തനിക്കുള്ള മേൽക്കോ
യ്മകൾകൊണ്ട് അവരെ നിർവീര്യരാക്കാൻ ശ്രമി
ക്കുമായിരിക്കും. വേരുകൾപൊട്ടി അനാധരെപ്പോലെ
വന്നുനിൽക്കുന്ന അവരുടെ നിലനിൽപ്പിനുവേണ്ടി
യുള്ള പിടച്ചിൽകണ്ട് കൈപിടിച്ചു കരകയറ്റുന്ന
തിനു പകരം നോക്കിനിന്നു രസിക്കുമായിരിക്കും
പുതുതായി വരുന്ന തുളസിമാരെ കരുക്കളാക്കി
ചൂതുകളിച്ച് രസിക്കുമായിരിക്കും. സനാധരായി
രുന്ന അവരെ അനാധരാക്കിയിട്ട് കൈകഴുകുമായി
രിക്കും. അനാധരായ അവർ എല്ലാം നഷ്ടപ്പെട്ടവരാ
യി മുന്നോട്ടുള്ള പാതയിലൂടെ തനിയേ ഗമിക്കു
മ്പോൾ ഉള്ള വെട്ടംകൂടി അണച്ചു രസിക്കുമായി
രിക്കും. കൃഷ്ണ തൻെറ വിചാരങ്ങൾക്ക് കടിഞ്ഞാ
ണിട്ടു. അങ്ങിനെയൊന്നു മുണ്ടാവില്ല, എല്ലാം
തൻെറ മനസ്സിലെ ഭയങ്ങൾ മാത്രമാണെന്നു
പറഞ്ഞു വിലക്കി. 'എല്ലാം മറന്ന് തൻെറ
മനസ്സിനെ കൃഷ്ണഭക്തിയിൽ മുഴുകി കൃഷ്ണനെ
മനസ്സിൽ ധ്യാനിച്ച് ജീവിക്കാൻ കഴിയുമാറാക
ണേ.'കൃഷ്ണ പ്രാർദ്ധിച്ചു.

കൃഷ്ണ തലയെത്തി നോക്കി. ഒരോ തീപ്പെട്ടി
ക്കൂടിൻെറവെളിയിലും പാറാവുകാരെപ്പോലെ കുറേ
ചെടികൾ. ചൈനീസുകാർക്കു മാതളം, മലാ
യ്ക്കാർക്ക് കറിലീഫ്. ചിലർ അൽപ്പം പഴകി
യാൽ തൂക്കിയെറിയും ചിലർ ഒരു കാരണവുമില്ലാ
തെ വർഷാ വർഷം പഴയചെടികൾ കൊണ്ടു കള
ഞ്ഞ് പുതിയവ വാങ്ങി വയ്ക്കും. ചിലർ സഹതാ
പാദ്രം അൽപ്പം ദാഹജലം ഒഴിച്ചു കൊടുക്കുമ്പോൾ
മറ്റു ചിലർ പട്ടുപോകുന്നെങ്കിൽ പോകട്ടെ എന്നു
കരുതി കണ്ടില്ലെന്നു നടിച്ചു കണ്ണടയ്ക്കും.
വേറൊരു കൂട്ടർ സ്വന്തം ചെടികൾക്ക് ഉപദ്രവമു
ണ്ടാകാതിരിക്കാനായി പിഴുതു മാറ്റാൻ ശ്രമി
യ്ക്കയും. കളയെന്നു കരുതി പിഴുതുമാറ്റും ഇന്നൊ
രു കൂട്ടർ. അതിനിടയിൽ താൻ ഭാഗ്യവതിയാണ്.
ഒന്നുമില്ലേലും ഇരിക്കാനൊരിടം കിട്ടി. വേരോടാൻ
ഒരിത്തിരി മണ്ണും. തനിക്കതുമതി. ബാക്കിയുള്ള
കാലം കൃഷ്ണനെയും സ്മരിച്ച് ജീവിക്കാൻ..

ക്രൃഷ്ണ തൻെറ നിഴൽപോലും മറ്റുള്ളവർക്കു
ശല്യമാകാതിരിക്കാൻ ശ്രദ്ധിച്ച് ജീവിച്ചു. കല്ലെടു
പക്കിയെപ്പോലെ കല്ലെടുക്കാൻ പഠിച്ചു. "കല്ലെടു
പക്കീ കല്ലെടു" എന്നു പറയുമ്പോൾ പക്കി കല്ലെ
ടുക്കും. "മിടുക്കൻ പക്കി, കണ്ടോ കല്ലെടുക്കുന്ന
ത്" പക്ഷെ, ആരും അറിയുന്നില്ല പ്രാണരക്ഷാർ
ത്ഥം പക്കി കല്ലിൽ അള്ളിപ്പിടിക്കുമ്പോൾ കല്ല്
അറിയാതെ ഉയരുന്നതാണെന്ന്. കൃഷ്ണയുടെ
പിടച്ചിൽ കാണുമ്പോഴൊക്കെ കൃഷ്ണയെ സൃഷ്ടി
ച്ച ഈശ്വരൻ മുകളിലിരുന്ന് അവളെ നോക്കി മന്ദ
സ്മിതം തൂകും "എനിക്ക് എല്ലാവരും ഒരേപോലെ
യാണു കുട്ടീ, നിനക്കും ഞാനുണ്ട്. വിഷമിക്കേണ്ട"
എന്ന് ആശ്വസിപ്പിക്കും. അപ്പോൾ കൃഷ്ണയുടെ
ഹൃദയം കൃതജ്ഞതയാൽ നിറയും. അവൾ തൻെറ
കഷ്ടങ്ങൾ നഷ്ടങ്ങൾ അപമാനങ്ങൾ ഒക്കെ മറ
ക്കും. കൃഷ്ണ ആർക്കും ഉപദ്രവമുണ്ടാക്കാതെ,
തൻെറ കടമകൾ മാത്രം ചെയ്ത് ജീവിച്ചു.
അവസാനം ഒരുദിനം കൃഷ്ണപാദത്തിൽ വീണു
ജീവന്മുക്തി പ്രാപിച്ചു. കൃഷ്ണനിൽ അലിഞ്ഞു
ചേർന്നു..

***

# വള്ളത്തോളിനെ ഓർക്കുമ്പോൾ

പ്രൊഫ. ഒ. എൻ. വി. കുറുപ്പ്



മഹാകവി വള്ളത്തോൾ നാരായണമേനോനെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ മനസിൽ ആദ്യമായി ഉദിച്ചു വരുന്നത് ആ തലയുയർത്തിയുള്ള നിൽപ്പാണ്. എപ്പോഴും അദ്ദേഹം ശിരസ്സുയർത്തിയാണ് നിൽക്കുന്നത്.

'Where the mind is without fear
And the head is held high'

(എവിടെ ശിരസ് ഉയർന്നു നിൽക്കുന്നുവോ മനസ് നിർഭയമായിരിക്കുന്നുവോ) എന്ന് അദ്ദേഹത്തിനും അങ്ങേയറ്റം ആദരണീയനായ ടാഗോർ പാടിയപ്പോൾ അതിന്റെ പ്രതീകമായി എന്റെ മുമ്പിൽ ഞാൻ കണ്ടിട്ടുള്ളത് വള്ളത്തോളിനെയാണ്.

അതിന്റെ ഏറ്റവും നല്ല ഒരു സന്ദർഭമാണ് ഇനി പറയുന്നത്. 1956 നവംബർ 1-ാം തീയതി തിരുവനന്തപുരത്ത് ഒരു പ്രധാന സ്റ്റേഡിയത്തിൽ ഐക്യകേരളം സ്ഥാപിതമായതായി പ്രഖ്യാപിക്കുന്ന മഹായോഗം നടക്കുകയാണ്. അന്ന് ജനകീയ മന്ത്രിസഭ ഇല്ലാതിരുന്നതുകൊണ്ട് ഗവർണർ ആയിരുന്നു മുഖ്യാതിഥി. സമ്മേളനത്തിൽ ഗവർണറെ കൂടാതെ ഒരേയൊരു പ്രഭാഷകൻ മാത്രമേ ഉണ്ടായിരുന്നുള്ളു. ആ പ്രഭാഷകൻ വള്ളത്തോളായിരുന്നു. കനകക്കുന്നു കൊട്ടാരത്തിലെ സ്വർണ്ണ ഗിൽറ്റുള്ള ഒരു കസേര പ്രസംഗമണ്ഡപത്തിൽ ഗവർണർക്കിരിക്കാനായി തയ്യാറാക്കിയിരുന്നു. വള്ളത്തോൾ വന്ന് നേരെ ആ കസേരയിൽ കയറിയിരുന്നു. അതാണ് വള്ളത്തോളിന്റെ രീതി. അപ്പോൾ ഉദ്യോഗസ്ഥന്മാർക്കെല്ലാം പരിഭ്രമമായി. ഗവർണർ വന്നാൽ എവിടെ ഇരുത്തും. മറ്റൊരു കസേരയില്ലല്ലോ. ഗവർണർ വരാൻ അഞ്ചോ പത്തോ മിനിറ്റ് താമസിച്ചു. ഉദ്യോഗസ്ഥന്മാർ കനകക്കുന്നിൽ ചെന്ന് ഗിൽറ്റുള്ള മറ്റൊരു കസേര കൊണ്ടുവന്നു. കുറച്ചുകൂടി പൊക്കമുള്ള കസേര നോക്കി. കിട്ടിയില്ല. അതേ പൊക്കത്തിലുള്ള കസേര കൊണ്ടു വന്നുവച്ചു. വള്ളത്തോൾ ഇതൊന്നും അറിയാതെ അവിടിരുന്നു. ഗവർണർ വന്നപ്പോൾ



കൈ കൊടുത്തു-അതാണ് വള്ളത്തോൾ. അതാണ് മലയാളത്തിന്റെ തല എന്നു പറയുന്നത്. ഒരു എഴുത്തുകാരന്, ഒരു കവിക്ക്, രാഷ്ട്രീയക്കാരെ അസ്പൃശ്യരായി കരുതാൻ സാധ്യമല്ല. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവും സദാചാരവും തുടങ്ങി ജീവിതത്തിന്റെ എല്ലാ മേഖലകളുമായി അയാൾക്ക് തൊട്ടുരുമ്മി കടന്നു പോകേണ്ടതായി വരും. പക്ഷേ, അവൻ തലയുയർത്തി നില്ക്കണം എന്ന പാഠം എന്റെ മനസ്സിൽ ആ ഉയർന്ന തല ബോധ്യപ്പെടുത്തുന്നു. നേരെമറിച്ച് മഹാകവി വള്ളത്തോളിനെ, ജീവിതത്തിന്റെ ഒരു വിശിഷ്ട സന്ദർഭത്തിൽ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഒരു നീണ്ട സുവർണമാല കൊടുത്ത് ആദരിക്കുന്ന ചിത്രം ഞാൻ കണ്ടിട്ടുണ്ട്. വള്ളത്തോൾ ശിരസ്സുകുനിച്ച് ആ മാല ഏറ്റുവാങ്ങിയിട്ട് കൈകൊടുക്കുന്ന ചിത്രം. ആദരവുകൾ സ്വീകരിക്കാം. ഐക്യകേരള സാക്ഷാത്കാരത്തിനു വേണ്ടി ഏറ്റവും അധികം വാക്കുകൾ പ്രയോഗിച്ച, തൂലിക ചലിപ്പിച്ച, പാടിയ, കവികളുടെ വർഗം, ആ വർഗത്തിന്റെ പ്രതിനിധിയാണ് താൻ എന്ന ഉദാത്തമായ അഹന്ത വള്ളത്തോളിൽ നിറഞ്ഞുനിന്നിരുന്നു.

ബ്രഹ്മാവ് ഒരു കൈയിൽ സദാചാരവും മറുകൈയിൽ സൗന്ദര്യബോധവും വച്ച് നീട്ടി ഏതു വേണമെന്നു ചോദിച്ചാൽ സൗന്ദര്യബോധം മതി എന്ന് ഞാൻ പറയും എന്ന് വള്ളത്തോൾ ഒരിക്കൽ സഞ്ജയനോട് പറയുകയുണ്ടായി. സഞ്ജയൻ തമാശയായിട്ട് പറഞ്ഞു-അത് അങ്ങേക്ക് ഇഷ്ടംപോലെയുണ്ടല്ലോ, മറ്റേത് അല്പം ഇരിക്കട്ടെ എന്ന്. അതു കേൾക്കെ ലവലേശം കൂസലില്ലാതെ വള്ളത്തോൾ പറഞ്ഞു-സൗന്ദര്യബോധം കിട്ടിയത് മതിയായില്ല. അതാണ് വള്ളത്തോൾ. അദ്ദേഹം സൗന്ദര്യബോധത്തിന്റെ കവിയായിരുന്നു, ജീവിതരതിയുടെ കവിയായിരുന്നു, ജീവിതം പോരാ, കൂടുതൽ കൂടുതൽ മെച്ചപ്പെട്ട ജീവിതം, അതായിരുന്നു വള്ളത്തോൾ.

രവീന്ദ്രനാഥടാഗോർ വിശ്വഭാരതി സ്ഥാപിച്ചതിനു പിന്നിൽ വിദൂരവ്യാപകമായ ഒരു വീക്ഷണം ഉണ്ടായിരുന്നു. ഇന്ത്യാക്കാർക്ക് ഇന്ത്യയുടേതായിരിക്കുന്ന ഒരു അധ്യയന രീതി ഉണ്ട് എന്നും തങ്ങൾക്ക് ഇന്ത്യയുടേതായിരിക്കുന്ന സർവകാലാശാല വിദ്യാഭ്യാസത്തിന്റെ പാരമ്പര്യം ഉണ്ട് എന്നും യൂറോപ്യൻമാരോട് ക്രിയാ-കേവലം-ഉത്തരം എന്ന അടിസ്ഥാനത്തിൽ പറയുകയായിരുന്നു. അങ്ങനെയാണ് പല വിശേഷപ്പെട്ട കോഴ്സുകളും അദ്ദേഹം ആരംഭിക്കുകയും ചെയ്തത്. ഏഷ്യക്കുതന്നെ കൊടുക്കുന്ന ഒരു അംഗീകാരമായിട്ടാണ് ചീനാഭവനും അദ്ദേഹം സ്ഥാപിച്ചത്. അതിന് തത്തുല്യമായിട്ട് മഹാകവി വള്ളത്തോൾ ഈ കേരളത്തിന് ചിലതു കാണിച്ചു തരുവാൻ അമൂല്യമായിട്ടുണ്ട് എന്ന ഒരു പ്രഖ്യാപനമായിരുന്നു നാടാകെ നടന്ന് അന്യം നിന്നു പോകുന്ന അല്ലെങ്കിൽ ശിഥിലമായിക്കൊണ്ടിരിക്കുന്ന കഥകളിയെയും മോഹിനിയാട്ടത്തെയും

പുനരുജ്ജീവിപ്പിക്കാൻ വേണ്ടി ഒരു സ്ഥാപനം നടത്തിയത്. കക്കാട്ട് കാരണവപ്പാടിന്റെ ഇല്ലത്തിന്റെ മുറ്റത്ത് തുടങ്ങി വച്ചതിനു ശേഷമാണ് കൊച്ചി രാജാവിനെ സമീപിച്ച് സ്ഥലം വാങ്ങി നിളാ നദിയുടെ തീരത്ത് പഴയ കലാമണ്ഡലം എന്നു പറയാറുള്ള കളരി ഉണ്ടാക്കിയത്. അതിനുശേഷമുള്ള എല്ലാ നവീകരണങ്ങളിലും ഒരുക്കങ്ങളിലും അദ്ദേഹം അങ്ങേയറ്റം സന്തോഷിച്ചിരുന്നു.

വള്ളത്തോൾ കേരളത്തിനു കേരളത്തിന്റേതായിരിക്കുന്ന ചിലതുണ്ട് എന്ന് ഉയർത്തിക്കാണിച്ചിട്ടുണ്ട്. ഉദാഹരണമായി ഒരു സംഭവം പറയാം. ഒരു സായിപ്പ്, കേരളത്തിന്റെ പ്രാചീന കലകളെപ്പറ്റി വളരെ പുച്ഛമായി സംസാരിച്ചപ്പോൾ ഒരു ചാക്യാരെക്കൊണ്ട് ഒരു കല്ലെടുത്ത് സായിപ്പിന്റെ കൂടെയുള്ള നായയെ കല്ലെറിയുന്നതായി അഭിനയിപ്പിച്ചു. അപ്പോൾ നായ കുരച്ചുകൊണ്ട് ഓടി. എന്തിനാണ് നായയെ കല്ലെറിഞ്ഞതെന്ന് സായിപ്പ് ചോദിച്ചു. ചാക്യാർ പറഞ്ഞു- എന്റെ കൈയിൽ കല്ലൊന്നുമില്ല. തന്നെ എറിഞ്ഞുവെന്ന് ഒരു നായയ്ക്ക് പ്രതീതിബോധമുണ്ടാകുമെങ്കിൽ മനുഷ്യന് എന്തെല്ലാം പ്രതീതിബോധങ്ങളുണ്ടാകും. ഉർവശി തന്റെ അടുത്തേക്കു വന്നതായിട്ടും പ്രണയാഭ്യർത്ഥന നടത്തിയതായും വേണ്ടെന്നു പറഞ്ഞതായിട്ടുമുള്ള പ്രതീതിബോധം ജനിപ്പിക്കുന്ന മഹത്തായ ഈ കല-അത് പഠിക്കണം, അത് ഞങ്ങളുടെ വകയാണ് എന്ന് വള്ളത്തോൾ പറയുകയുണ്ടായി. ഇതാണ് അഭിമാനം എന്നു പറയുന്നത്. ഈ സ്വാഭിമാനം, ഈ സ്വാശ്രയബോധം, ഈ സ്വാധീനതാബോധം ഹൃദയത്തിൽ നിറഞ്ഞുനിന്ന ഒരാളാണ് വള്ളത്തോൾ. അങ്ങനെയുള്ള ഒരു കവിക്കു മാത്രമേ ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിതമാകണമെന്നും കേരളമെന്നു കേട്ടാൽ ചോര തിളയ്ക്കണമെന്നും പറയുവാൻ സാധിക്കുകയുള്ളു. ഇങ്ങനെയുള്ള വള്ളത്തോളിനെ അനുസ്മരിക്കുന്നത് വളരെയധികം സമുചിതമാണ്.

വള്ളത്തോൾ എന്നും നമുക്ക് ഒരു ചൂണ്ടുപലകയാണ്, ചുവരെഴുത്താണ്, ഒരു താക്കീതാണ്. നമ്മുടെ സ്വാതന്ത്ര്യബോധത്തെ നിരന്തരം നിസ്തന്ദ്രം ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു മഹത്തായ ശക്തിയാണ് വള്ളത്തോൾ. ●

*With The Best Compliments of*

*Nalli* CHINNASAMI CHETTY PTE. LTD

**Only at**
**32, Buffalo Road Singapore - 219795**
**Tel: 62998676 Fax: 62998744**

# ആ സുന്ദര ഭൂമി ആരുടേതാണ്?

ശൈലജ

രാവിലെ എട്ടുമണിയേ ആയിട്ടുള്ളു. പക്ഷെ, സൂര്യഭഗവാന്റെ രശ്മി തീ പോലെ ഭൂമിയെ ചുട്ട് നോവിക്കുന്നു. ആരോടാണ് എന്തിനോടാണ് അരുണദേവനു ഇത്ര ദേഷ്യം? തന്റെ ഡോർമിറ്ററിയിലെ ജന്നലിലൂടെ പുറത്തേയ്ക്ക് നോക്കിയിരുന്നു നിഷ. പുറത്തെ മരത്തിൽ ഒരു കാക്ക ഇരിക്കുന്നു. അതിനു എന്തു പറ്റിയതാകും? കൂട്ടത്തിൽ നിന്നും വേർപെട്ടതോ, അതോ, തന്റെ പിഞ്ചു കുഞ്ഞുങ്ങളുടെ വിശപ്പകറ്റാൻ വേണ്ടി ഇര തേടി ഇറങ്ങിയതോ? പാവം കാക്ക.

വയറിന്റെ മുരളൽ തുടർന്നുകൊണ്ടേയിരുന്നു. ഇന്ന് രാവിലെ പ്രാതലിനു ഒരു ഗ്ലാസ്സ് കട്ടൻ കാപ്പി മാത്രം. ഇന്നലെ ഉമ്മൂമ്മ [അങ്ങിനെ യാണ് ഇവിടെ എല്ലാരും അവരെ വിളിക്കാറ്] പറ യുന്നതുകേട്ടതാണ്, കൂടെയുള്ള ലില്ലിച്ചേച്ചി യോട്, "അരീം പാലും ഗോതമ്പും ഒക്കെ തീർ ന്നൂലോ മോളേ. കുറച്ചീസായി പിശുക്കി ഇത്രടം എത്തിച്ചു. ഈ കുട്ട്യോൾടെ വയറ് കാലിയായി കിട ക്കണ കാണാൻ, മ്മക്കു സഹിക്കൂല." അവ ർക്ക് തന്നോട് ഒരു പ്രത്യേക സ്നേഹമുണ്ട്. ഇടയ്ക്ക് എന്തെങ്കിലും കിട്ടിയാൽ തന്നെ ഒറ്റയ്ക്ക് വിളിച്ച് അടുക്കളയുടെ പുറകുവശത്തൂടെ കൊണ്ടുപോയിട്ട് പറയും, " തിന്നോ, ആരും കാണണ്ട."

യുദ്ധവും വരൾച്ചയും കാരണം എല്ലായിടത്തും പട്ടിണിയാണ്, ആൾക്കാരുടെ സംഭാവനയെ ആശ്രയിച്ചുകഴിയുന്ന അനാധാലയങ്ങളുടെ കാര്യം പിന്നെ പറയണോ?

ഇന്നലെ രാത്രി ഓരോ ചപ്പാത്തി, കറിയൊന്നുമി ല്ലാതെ, അതാണ് എല്ലാവർക്കും കിട്ടിയത് പക്ഷെ, ഒരു സ്പെഷ്യൽ ഐറ്റം ഉണ്ടായിരുന്നു. ചോക്ക്ലേറ്റ്, എല്ലാവർക്കും രണ്ടെണ്ണം വീതം. കമ്പനി സംഭാവന നൽകിയതാണത്രെ. മാർക്കറ്റിൽ ചിലവാകാത്തതും ആർക്കും വേണ്ടാത്തതും 'എക്സ്പെയറി ഡേറ്റ്' കഴിഞ്ഞതും ഒക്കെയായിട്ടുള്ള സാധനങ്ങൾ കൊടുത്തു തീർക്കാനുള്ള സ്ഥലങ്ങളാണല്ലൊ അനാധാലയങ്ങൾ. താൻ ഇട്ടിരിക്കുന്ന ടീ ഷർട്ടും സ്കേർട്ടും എത്രയോ വലുതാണ്. അതും ഏതോ കമ്പനിയുടെ

സംഭാവനയാണ്. ആവശ്യം നോക്കി യല്ലല്ലോ ആരും സംഭാവന നൽകാറ്. പഴയ സ്റ്റോക്കായി, ഗോഡൗണിൽ സൂക്ഷിക്കാൻ സ്ഥലമില്ലാതെവരുമ്പോൾ കൊടുക്കാൻ അനാധാലയങ്ങളുണ്ടല്ലോ. വേണ്ടത്ര.

ഇന്ന് ദീദി ഐ. ബി. എം. ന്റെ ഓഫീസിൽ പോയിരിക്കയാണത്രെ. പുതിയ സാങ്കേതിക

യുഗത്തിലേയ്ക്ക് കാൽവച്ചു നീങ്ങുന്ന കുട്ടികൾക്ക് പട്ടിണിയാണെങ്കിലും കമ്പ്യൂട്ടർ ഉപയോഗിക്കാൻ അറിഞ്ഞിരിക്കണമല്ലൊ. അടുത്ത പത്ര വാർത്തയ്ക്കും ഫോട്ടോയ്ക്കും ഉള്ള വകയായി.

ഇനിപ്പൊ ട്യൂഷൻ ടീച്ചർ വരും. അവർ വന്ന് രണ്ടു മണിക്കൂർ എന്തൊക്കെയോ പറഞ്ഞിട്ടു പോകും- വോളൻററി സർവ്വീസാണത്രെ. ആറു മാസം ഇങ്ങനെ 'നിസ്വാർഥ' സേവനം അനുഷ്ഠിച്ചാൽ അവർക്ക് ഒരു അവാർഡ് കിട്ടാൻ സാദ്ധ്യതയുണ്ടത്രെ. അടുത്ത എം. എൽ. എ. ആകേണ്ട ആളല്ലെ. ഇലക്ഷനു വോട്ടു കിട്ടാനുള്ള സൂത്രവിദ്യകൾ. അത്രയേ ഉള്ളു. അല്ലാതെ കുട്ടികളെ പഠിപ്പിച്ചു അവർക്ക് നല്ലൊരു ഭാവി ഉണ്ടാക്കണമെന്ന ഉദ്ദേശമൊന്നും അവർക്കില്ല. കഴിഞ്ഞ ദിവസം ഒരു കാരണവുമില്ലാതെ തന്നെ കുറേ വഴക്കുപറഞ്ഞു. വീട്ടിൽ ആരും ആരേം ചീത്ത പറയില്ല്യ. എല്ലാവർക്കും എത്ര ഇഷ്ടാർന്നു നിഷ മോളെ"- അവൾക്ക് സങ്കടം സഹിക്കാ നായില്ല. കണ്ണുനീർ ധാരയാടിട്ട് ഒഴുകി.

നിഷ തന്റെ വീടിനെപ്പറ്റി ഓർത്തു. അച്ഛനും അമ്മയും രണ്ടുകുട്ടികളുമടങ്ങിയ സന്തുഷ്ട കുടുമ്പം. ജീവിതത്തിലേയ്ക്ക് പെട്ടെന്നാണ് കൊടുങ്കാറ്റ് വീശിയത്. മുന്നറി യിപ്പില്ലാതെ ശത്രുക്കൾ ആക്രമണം തുടങ്ങി യപ്പോൾ ആർമി ഓഫീസറായ അച്ഛന് സ്വന്തം ജീവൻ ബലികൊടുക്കേണ്ടിവന്നു. അതോടെ അവരുടെ

ജീവിതത്തിൻെറ താളം തെറ്റി. വെള്ളവും വെളിച്ചവും നിലച്ച -ആ കറുത്ത രാത്രി- നിഷ ഓർക്കുന്നു.

ആരൊക്കെയോ വന്ന് എല്ലാവരേയും കൂട്ടി എങ്ങോട്ടോ കൊണ്ടുപോയി, അന്ന് വണ്ടിയിൽ കയറിയ താൻ ചുറ്റും നോക്കി. അമ്മ എവിടെ?, സജ്ജീവ് എവിടെ? ചുറ്റുമുള്ള വരൊക്കെ പരിചയമില്ലാത്തവർ.

വിശപ്പും ദാഹവും സഹിക്കാനാവാതെ കരയുന്ന കുഞ്ഞുങ്ങൾ, ചോരവാർന്നൊ ലിക്കുന്ന മുറിവി ൻെറ വേദന സഹിക്കാ നാകാതെ ഞരങ്ങുന്നവർ, കുഞ്ഞുങ്ങളെ കാണാതെ വില പിക്കുന്ന അമ്മമാർ- നിഷ ഒരു പ്രതിമ മാതിരി അനങ്ങാൻ പോലും വയ്യാതെ അങ്ങിനെ ഇരുന്നു. ഇടയ്ക്കിടെ എവിടെയോ എന്തൊക്കെയോ പൊട്ടുന്ന ശബ്ദങ്ങൾ. വിശപ്പും ദാഹവും, ക്ഷീണവും- പല സ്ഥലത്തു കറങ്ങി, പല അഭയാർത്ഥി ക്യാമ്പുകളിൽ തങ്ങി, അവസാനം ഈ അനാഥാലയത്തിൽ എത്തി. ഇനി എന്ത് ? തൻെറ അമ്മ, അനിയൻ, മുത്തശ്ശൻ മുത്തശ്ശി- അവർ തന്നെ ഓർക്കുന്നുണ്ടാ വില്ലേ? തനിക്കി നി അവരൊക്കെ ഒരു സ്വപ്നം മാത്രം.

"നിഷമോളേ, നീ എന്താ സ്വപ്നം കാണ്വാ?" ലില്ലിച്ചേച്ചിയാണ്. അയ്യോ നേരം വൈകി യിട്ടുണ്ടാകും. അടുത്തുവന്ന ലില്ലി ചേച്ചി തന്നെ കെട്ടിപ്പിടിച്ചു. അവരുടെ കണ്ണുകൾ ഈറനായി രിക്കുന്നു. പക്ഷെ, മുഖത്ത് സന്തോഷമണല്ലൊ!. "നിഷമോളേ, നിനക്ക് ഭഗ്യോണ്ട് മോളേ. ഇപ്പൊ ടി. വി. ല് കാണാണ്ടായവരോടെ കൂട്ടത്തില് നിൻെറ പടോം കണ്ടു. നിൻെറ മുത്തശ്ശനും മുത്തശ്ശീം നിന്നെ തേടാത്ത സ്ഥലോല്ല . നമ്പർ കുറിച്ചു വച്ചിട്ടുണ്ട്. ദീദി വന്നാലുടൻ വിളിക്കാൻ പറയാം". വിശ്വസിക്കാനാവു ന്നില്ല. എന്താ താനീ കേൾക്കുന്നത്? ഉറക്കെ വിളിച്ചു കരയണമെന്നോ, കൈകൊട്ടിച്ചിരി ക്കണമെന്നോ ഒക്കെ തോന്നി. പക്ഷെ, ലില്ലിചേച്ചിയെ കെട്ടിപ്പിടിച്ച് അങ്ങനെ നിൽക്കാനെ കഴിഞ്ഞുള്ളു.

വീണ്ടും ജീവിതത്തിലേയ്ക്ക്. നെൽവയലു കളും തെങ്ങിൻ തോപ്പുകളും നിറഞ്ഞ തൃശ്ശൂരിനുത്ത ചെറിയ ഗ്രാമം. പുഴക്കര യിലുടെ കൈപിടിച്ചു നടക്കുമ്പോൾ ചരിത്ര കഥകൾ പറഞ്ഞു തരുന്ന മുത്തശ്ശൻ. സന്ധ്യാനാമം ജപിച്ച് കഴിഞ്ഞ്, അത്താഴ ത്തിനു മുമ്പായി "പൂതപ്പാട്ടും, "മാമ്പഴവും" ചൊല്ലിത്തരുന്ന, രാമൻേറം കൃഷ്ണൻേറം കഥപറയുന്ന മുത്തശ്ശി.

അന്നു രാത്രി നിഷമോൾ കൂട്ടുകാരോട് ഒരു കഥ പറഞ്ഞു." മുത്തശ്ശി പറഞ്ഞപോലെ, എന്നേം പൂതം വന്ന് കൊണ്ടോയതാണ്, യുദ്ധം വന്നപ്പൊ. പക്ഷെ, അമ്മയ്ക്ക് സ്വന്തം കുട്ടിയെ വിട്ടുകൊടുക്കാൻ പറ്റ്യോ? നാളെ രാവിലെ എല്ലാ വരും ഇവിടെ എത്തും- എന്നെ കൊണ്ടോവാൻ. അപ്പോ, റീനേം, സച്ചുനേം, സുനിൽനേം- ക്കെ - ഇവിടേള്ള എല്ലാരേം ഞാൻ കൊണ്ടോവാം. അവിടെ നമ്മക്ക് എല്ലാവർക്കും സുഖായിട്ട് താമ സിക്കാം. അവിടെ യുദ്ധം വരില്യ." പക്ഷെ പെട്ടെന്ന്, ഒരു നിമിഷം, അവൾ മൂകയായി.

"എന്താ നിഷമോളേ, ഒന്നും പറയാത്തെ?, റീനയാണ്.

" ഒന്നൂല്യ, പാവം എൻെറ അച്ഛൻ. എത്ര നല്ല അച്ഛനാർന്നു. അച്ഛൻ ഒരാളേം ദേഷ്യപ്പെടി ല്ല. എല്ലാവർക്കും വല്യ ഇഷ്ടാർന്നു ൻെറ അച്ഛനെ. അച്ഛൻ പറയും ലോകത്തുള്ള എല്ലാരും നല്ല ആൾക്കാരാണെന്ന്. എന്നിട്ട്..."

"എന്തിനാ ഈ യുദ്ധം? അതോണ്ടല്ലെ ഈ കുഴപ്പോക്കെ. എല്ലാരും നല്ല ആൾക്കാരല്ലെ, പിന്നെന്തിനാ പല രാജ്യങ്ങള്? ഒക്കെ ഒന്നായി കിടന്നാപ്പോരെ?" - സുനിൽ ചോദിച്ചു.

" ദാ ദീദി വരണൊണ്ട്, വേഗം ഉറങ്ങിക്കോ- സച്ചിൻ അതും പറഞ്ഞ് തിരിഞ്ഞ് കിടന്നു.

അന്നു രാത്രി എല്ലാവരും ഒരു സുന്ദര സ്വപ്നം കണ്ടു- സുന്ദരമായൊരു സ്വപ്നം. സമാധാനവും സന്തോഷവും വിളയാടുന്ന- യുദ്ധവും, വൈരവും ഇല്ലാത്ത- മതത്തി ൻേറയും ഭാഷയുടേയും വേർതിരിവു കളില്ലാത്ത- അതിർത്തികളില്ലാത്ത- വിശാല സുന്ദരമായ ഭൂമി. അവിടെ കുട്ടികൾ മാത്രം.

വലിയവരുടെ വിലക്കുകളില്ലാത്ത, കൽപ്പ നകളിലാത്ത, ജാടകളില്ലാത്ത ഭൂമി- ആ സുന്ദരഭൂമി ആരുടേതാണ്?

***

# യാത്രാമൊഴി

**മനോജ്. പി.. എസ്സ്.**

ഭൂതകാലങ്ങളെ വിസ്മരിക്കാം
ഭൂമിയോളം ക്ഷമാശീലരാകാം
ജീവകോശങ്ങളിൽ പോലുമജ്ഞാതമാം
ഭാവനാസദ്പഥം തേടിപ്പറന്നിടാം

സ്പന്ദനം തീരാത്ത നാഴികമണിയായി
അന്തഃരംഗത്തിന്റെ ആശകൾ മാറവെ
ബന്ധങ്ങൾ തീർത്തൊരു ബന്ധുരപഞ്ജരം
സുന്ദരമീസ്വപ്നം ജന്മംതളച്ചുവോ?

വ്യർത്ഥമായ്മാറിയ യാത്രാമൊഴികൾ തൻ
അർത്ഥതലങ്ങളെ തേടിനടന്നു ഞാൻ
സുപ്രഭാതങ്ങളും സന്ധ്യയും ചേരുമീ
ചക്രവാളങ്ങളിലങ്ങോളമിങ്ങോളം

ചിത്രപടസൂര്യകംബളം ചാർത്തുമീ
ചക്രവാളങ്ങളിൽ ചാമരംവീശുന്നു
സ്വപ്നപതംഗങ്ങൾ പാടുന്ന ഗാനത്തിൻ
സപ്തസ്വരങ്ങൾതൻ സന്ദേശധാരകൾ

സ്വപ്നമായ് ഞാൻകണ്ട ജീവിതസത്യത്തെ
സത്യമായ് സാക്ഷാൽക്കരിച്ച നിമിഷങ്ങളിൽ
നിസ്തുലം ഞാൻ നൽകുമെൻ ജീവരാഗത്തെ
നിർദ്ദയം നിങ്ങളും കൈവെടിഞ്ഞോ

എത്ര ഋതുക്കൾ വിടർന്നുവെന്നാകിലും
എത്ര കിനാക്കൾ സഫലമായീടിലും
മിത്രമേ, നീ എനിക്കെന്നുമജ്ഞാതമാം
സത്യങ്ങൾ മാത്രമായ് ചൊല്ലിയതെന്തിനായ്

***

# ഭാവുകങ്ങൾ

**ബോണി ജെ. ആനിക്കാട്**

സൃഷ്ടിയുടെ ശ്രേഷ്ഠഭാവങ്ങളിലെ
തുടിപ്പുമായിഃ കുഞ്ഞിക്കൈകാൽ ചുരുട്ടിഃ
കാലുകൾ മടക്കി ഈ പ്രപഞ്ചത്തിലേയ്ക്ക്
പിറന്ന് വീഴുന്ന കുഞ്ഞേ
നീ അറിയുന്നുവോ...?
ഇതിലെ രൂപഭാവങ്ങൾ.
ഇവിടെ നീ ആരെന്ന് നീ അറിയുന്നില്ല
എന്തു മേതും എൻ കൈപ്പടച്ചുരുട്ടിൽ
എന്ന് ചിന്തിച്ച് വരുന്ന നീ...
പ്രപഞ്ചത്തിന്റെ സാന്ദ്രഭാവം കണ്ട് പകയ്ക്കുന്നു.
അപ്പോൾ..
നിന്നിലെ മനുഷ്യൻ ജനിക്കുകയായി ഇവിടെ
സാന്ദ്രഭാവങ്ങളിൽ മുങ്ങി താഴാൻ
നീന്തി തുടിക്കാൻ ഒഴുക്കിനെതിരെ
നീന്തുവാൻ നിന്നിലെ മനുഷ്യൻ പഠിക്കുകയായി
പിറക്കുകയായി
ഞാനെന്ന ഭാവം നിന്നിൽ ജനിക്കുമ്പോൾ
നിന്നിലെ പോരാളി പിറക്കുന്നു ഇവിടെ
സ്വതന്ത്ര വിഹായസുകളിൽ പറക്കുവാൻ
നിന്നിലെ പോരാളി തയ്യാറെടുക്കയായി
വിജയം വരിക്കാൻ നിനക്ക് പ്രാർത്ഥനകൾ
ഭാവുകങ്ങൾ ഏകുന്നു.
ഈ സൃഷ്ടിയുടെ അലകളിൽ ഇരുന്ന്
പോരിന് ഒരുങ്ങുന്ന മകനെ
നിനക്ക് ഈ താതന്റെ വിജയ തിലകം.

*

ത്ര ഋതുക്കൾ വിടർന്നുവെന്നാകിലും
ത്ര കിനാക്കൾ സഫലമായീടിലും
ത്രമേ, നീ എനിക്കെന്നുമജ്ഞാതമാം
ത്യങ്ങൾ മാത്രമായ് ചൊല്ലിയതെന്തിനായ്

***

# ജ്വാലകൾ

ചെറുകഥ

## വലലൻ

തീവണ്ടിയുടെ ഇരമ്പൽ അടുത്തണയുന്തോറും ഹൃദയത്തിൻെറ പിടപ്പ് വർദ്ധിക്കുകയാണു. വീട്ടു പരിസരത്തുള്ള ആരെങ്കിലും- പരിചയമുള്ള ഒരു മുഖമെങ്കിലും ഈ വണ്ടിയിൽ ഉണ്ടായിരിക്കണേ എന്നു ഹൃദയംനൊന്തു പ്രാർത്ഥിച്ചു. ഇളകിക്കിടന്ന എഴികൾ തള്ളിമാറ്റിക്കൊണ്ടു പ്ലാറ്റുഫാറത്തിലേയ്ക്കു കയറി. വണ്ടി സാവധാനം നിന്നു. എൻെറ ജിജ്ഞാസ വർദ്ധിച്ചു. ഓരോ ബോഗിക്കുള്ളിലും ആവേശഭരിതനായി നോക്കി നടന്നു. എൻെറ ഒരു കൂട്ടുപ്രതി അതിനുള്ളിൽ ഇരിക്കുന്നു! കണ്ട മാത്രയിൽ തന്നെ ഞാൻ പരിസരംമറന്ന് വണ്ടിക്കുള്ളിലേയ്ക്കു കയറാൻ ശ്രമിച്ചു. എൻെറ സ്നേഹിതൻ- അനങ്ങാനാവാതെ- ബന്ധനത്തിലാണിരിക്കുന്നത്. ഇരുപുറവും മഫ്തിയിലുള്ള പോലീസാണു. ആപത്തു എന്നെ മനസ്സിലാക്കാൻ അയാൾ നന്നേ പണിപ്പെടുന്നുണ്ടു. ഞാൻ ഒരു കാൽ ഫുഡ്ബോർഡിൽ വച്ചിട്ടു ഒന്നുകൂടി അയാളെ നോക്കി. അയാളുടെ പരിഭ്രമവും കണ്ണുകൊണ്ടുള്ള നിർദ്ദേശവും എന്നെ ബോധവാനാക്കി. കയ്യെത്താവുന്ന ദൂരത്തിൽ- ആപത്തിൻെറ

പോലീസിൻെറ കസ്റ്റടിയിൽ കിട്ടിയാലുണ്ടാവുന്ന കഥ പിന്നെ പറയാനുണ്ടോ? കസേരയില്ലാതെ തന്നെ കസേരയിലിരുത്തൽ- ഉരുട്ടൽ തുടങ്ങിയുള്ള ചില അഭ്യാസങ്ങൾ കഴിയുമ്പോഴേയ്ക്കും പൂർണ്ണാരോഗ്യവാനായ ഒരു യുവാവ്, പുഴുക്കുത്തു വീണ ഒരു നിത്യരോഗിയായി മാറും. നിയമ- സമാധാന പാലകരായ ഇന്ത്യൻ പോലീസ് നിരയുടെ അധികാര ഗർവ്വവും അക്രമവും അന്നും ഇന്നും അഭംഗുരം തുടരുകയാണു. കാളണിവാഴ്ചക്കു അധികാര കേന്ദ്രീകരണം സാദ്ധ്യമാക്കുന്നതിനുപയോ ഗിച്ചിരുന്ന പോലീസ്നയം സ്വതന്ത്രഭാരതത്തിലും അധികാരത്തിൽ വരുന്ന കക്ഷികൾക്കുവേണ്ടി തുടരുന്നു എന്നുമാത്രം.

"അഹിംസാപരമോധർമ്മ" എന്ന ഗാന്ധിമാർഗ്ഗം അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ തന്നെ കാറ്റിൽ പറത്തിയ കശ്മലന്മാർ അദ്ദേഹത്തെത്തന്നെ ക്രൂരമായി ഹിംസിക്കുകയല്ലേ ചെയ്തത്?

എൻെറ ചിന്തകൾ കാടുകയറുകയാണു. ഇതിനു മുൻപും വിദ്യാർത്ഥി പ്രക്ഷോപണങ്ങളെ തുടർന്നു

> അരനൂറ്റാണ്ടുകൾക്കുമുൻപ് നിദ്രാദേവി കൈവെടിഞ്ഞ ഒരു നിശ്ശബ്ദരാവിൽ എഴുതിവച്ചതാണു. കേരളാഅസ്സോസിയേഷനുവേണ്ടി ഈയിടെ എഴുതിവച്ച ലേഖനം തേടിചെന്നപ്പോൾ കയ്യിൽതടഞ്ഞ ഈ ചെറുകഥതന്നെയാകട്ടെ എന്നു കരുതി.
> -ലേഖകൻ.

കരവലയത്തിലാണു അയാളെന്നു മനസ്സിലായതും മിന്നൽവേഗത്തിൽ പ്ലാറ്റുഫോമിനു പുറത്തേയ്ക്കു പായ്ഞ്ഞു. വീണ്ടും തിരിഞ്ഞുനോക്കിയതു മൂന്നുമയിൽ പിന്നിട്ടതിനു ശേഷമാണു.

ഇല്ല- ഒരുത്തരും എന്നെ പിന്തുടരുന്നില്ല. കാലുകൾ കുഴയുന്നു. പാതയോരത്തുള്ള ഒരു കലുങ്കിൻെറ മുകളിൽ ഇരുന്നു. ശ്വാസം നേരെയാക്കാൻ ശ്രമിച്ചു. ഉടുപ്പും ബനിയനും ആകെ വിയർപ്പിൽ നനഞ്ഞിരിക്കുകയാണു. വിശാലമായ പാടത്തിൽ നിന്നു നെല്ലോലകളുടെ താളവും പേറി ഒരു മന്ദമാരുതൻ എന്നെ തലോടി. ഞാനെന്തിനാണിങ്ങനെ തീതിന്നുന്നത്? ഒരു കുറ്റവും ചെയ്തിട്ടില്ലല്ലോ എന്നോർത്തപ്പോൾ ആരോടൊക്കെയോ പകതോന്നി. നിശ്ശബ്ദമായിരുന്നു സമൂഹത്തേയും ചുറ്റുപാടുകളേയുമൊക്കെ ഭത്സിച്ചു. പക്ഷെ, പോലീസിനു പിടികിട്ടേണ്ട അക്രമിസംഘത്തിലെ ആറാം പ്രതിയാണു ഞാൻ. ഏഴു പ്രതികളിൽ അഞ്ചുപേരേയും പിടിച്ചു കഴിഞ്ഞു. ആദ്യം കയ്യിൽ കിട്ടിയവനെ റോഡിൽ വച്ചുതന്നെ ശരിക്കും പെരുമാറിയതായാണറിഞ്ഞതു.

പലപ്പോഴും ഒളിവിൽ പോയിട്ടുണ്ടു. അന്നൊക്കെ പോലീസിൻെറ ലിസ്റ്റിൽ പെട്ടിട്ടുണ്ടെന്നു മാത്രം. ദിവസങ്ങൾ കഴിയുമ്പോൾ ആ ലിസ്റ്റും അപ്രത്യക്ഷമാവും. പോലീസ് പുതിയ കേസുകളുടെ പിന്നാലെനീങ്ങുമ്പോൾ- ഞാൻ വീണ്ടും സ്ക്കൂളിൽ ഹാജരാകും. ഇത്തവണ അങ്ങിനെയല്ല. അക്രമം, ഭവനഭേദനം, മാരകായുധങ്ങൾ പ്രയോഗിച്ചു പരിക്കേൽപ്പിക്കൽ തുടങ്ങി പലതും നടത്തിയ ഒരക്രമി സംഘത്തിലെ പ്രതികളിലൊരാളാണു ഞാൻ. ജീവിതത്തിലേയ്ക്കു കാലുകുത്തുംമുൻപുതന്നെ ക്രിമിനൽ പുള്ളി. മനസ്സു ഒരു തരത്തിലും നിയന്ത്രണാധീനമാകുന്നില്ല. ജനിച്ചനാടും ചുറ്റുപാടുകളും മനുഷ്യനെ മനുഷ്യനായി വളരാൻ അനുവദിക്കുന്നില്ല. ആരോടൊക്കെയോ പകതോന്നുന്നു!

പരിസരബോധം വന്നപ്പോഴേയ്ക്കും പകൽ എരിഞ്ഞടങ്ങിയിരിക്കുന്നു. പടിഞ്ഞാറെ ചക്രവാളം നിശയുടെ നീരാളിപ്പട്ടു നിവർത്തിയിടുകയാണു. പറവകൾ നാലുപാടും മരച്ചില്ലകളിൽ ചേക്കേറുന്നു. വയലിൻെറ ഏതോ ഒരു കോണിൽ നിന്നു ശ്വാന

പരാക്രമങ്ങളുടെ കടിപിടിശബ്ദവും ചീവീടുക ളുടെ മുഴക്കവും കൂടിവരുകയാണു.

ഞാൻ വീണ്ടും എഴുന്നേറ്റു എങ്ങോട്ടെന്നില്ലാതെ നടന്നു. പിന്നിൽ നിന്നു ചില കളമൊഴികളും വളകിലുക്കവും പൊട്ടിച്ചിരികളും. ഞാൻ പുറകിലേയ്ക്കു തിരിഞ്ഞു നോക്കി. കുറച്ചു മുൻപു ഒരാട്ടിങ്കുട്ടിയുമായി എൻെറ ചുറ്റും ഓടിനടന്ന പാവാടക്കാരിയും പാടത്തെ പണി കഴിഞ്ഞുവരുന്ന മറ്റൊരു പെൺകുട്ടിയും. കുറെ ദൂരം അവരെന്നെ അനുധാവനം ചെയ്തശേഷം പണിക്കാരികുട്ടി പാടത്തേയ്ക്കുള്ള പാതയിലേയ്ക്കിറങ്ങുമ്പോൾ എന്തോ ഉറക്കെപറഞ്ഞു പൊട്ടിച്ചിരിച്ചിട്ടു ഓടി പ്പോയി. പാവാടക്കാരി വീണ്ടും കുറെദൂരം പിന്തുടർന്നു. പ്രക്ഷുബ്ധമായ ഒരു സാഗരം അലയടിച്ചു കൊണ്ടിരുന്ന എൻെറ മനസ്സിൽ മറ്റൊന്നും കടന്നുവന്നില്ല.

അടുത്ത ദിവസവും കതിരവൻ എരിഞ്ഞടങ്ങുമ്പോൾ പ്രകൃതി പുഞ്ചിരിക്കുന്നതും നോക്കി- ഞാൻ പഴയ കലുങ്കിൽ തന്നെ വന്നിരുന്നു. തലേ ദിവസം കണ്ട പാവാടക്കാരി ഒരു പശുക്കിടാവുമായി വന്നു. ഞാനിരുന്ന കലുങ്കിൻെറ താഴെയുള്ള പുഴയിൽ നിന്നു കിടാവു വെള്ളംകുടിച്ചു. പാവാടക്കാരി എന്നെനോക്കി പുഞ്ചിരിച്ചു. പശുക്കിടാവും പാവാടക്കാരിയും എന്നെ കടന്നു പാടത്തിൻെറ വരമ്പത്തു കൂടി നടന്നു.

ഞാൻ വീണ്ടും ഏകനായി. നീണ്ട നേരം തപസ്സിരുന്ന ഒരു കൊക്കു മിന്നൽ വേഗത്തിൽ ഒരു തവളയെ ചുണ്ടിലാക്കി. തവളയുടെ കരച്ചിലിനോടൊപ്പം കൊക്കും പറന്നുപോയി. കലുങ്കിനടിയിൽ നിന്നും ഒരു ചേര മറ്റൊരു തവളയെ വായിലാക്കി വെള്ളത്തിൽ മുങ്ങി. അടുത്തുള്ള മരച്ചില്ലകളിൽ പക്ഷികൾ ചേക്കേറി.

"ഈ പൂവൊന്നു പറിച്ചുതരാമോ?" ശബ്ദം കേട്ട ദിക്കിലേയ്ക്കു നോക്കി. ഇന്നലെ കണ്ട പാവാടക്കാരി- ഒരു വട്ടിയിൽ കുറെ തെറ്റിപ്പൂവും കുറച്ചു ചെമ്പരുത്തിപ്പൂവുമായി നിൽക്കുന്നു. അടുത്തുള്ള ചെമ്പരുത്തിയിൽ- കുറെ ഉയരത്തിൽ പൂവുണ്ടു. ഞാനതു പറിച്ചു കൊടുത്തു. പൂവിനേക്കാൾ മനോഹരമായ ആ പെൺകുട്ടിയുടെ മുഖവും അരുണാഭതട്ടി ചുവക്കുന്നതു കണ്ടു. പകലോൻ കണ്ണടക്കുകയും സന്ധ്യ സമീപിക്കുകയും ചെയ്യുന്ന വിജനമായ ചുറ്റുപാടിൽ എൻെറ സാമിപ്യം കൊതിച്ചു നിന്ന- ചെമ്പരത്തിപ്പൂവിൻെറ മുഖമുള്ള ആ പെൺകുട്ടിയെ നോക്കി ഞാൻ ചോദിച്ചു:- "എന്താ പേര്? "

"ശാന്ത"

"ഏതു ക്ലാസ്സിൽ പഠിക്കുന്നു?"

"എസ്സ്. എസ്സ്. എൽ. സി."

"വീട്ടിലാരൊക്കെയുണ്ട്?"

"അമ്മമാത്രം."

"അമ്മ അന്വേഷിക്കില്ലേ?"

മൗനമായി- കാലിൻെറ പെരുവിരൽ കൊണ്ടു ചിത്രം വരച്ചു നിന്ന ആ ഗ്രാമതുമ്പിയോടു- "ശരി പൊയ്ക്കൊള്ളു" എന്നു പറഞ്ഞു തിരിഞ്ഞു നടന്നു.

കുറെനേരം അങ്ങിനെതന്നെനിന്ന പെൺകുട്ടി- പൂവും വട്ടിയുമായി അടിവച്ചു നീങ്ങുന്നതാണു ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ കണ്ടതു. പിന്നീടൊരിക്കലും ഞാനാ കുട്ടിയെ കണ്ടിട്ടില്ല.

പകുതി തുറന്നുകിടന്ന ജനലിലൂടെ പകലവൻ കരങ്ങൾ നീട്ടുന്നു. കിഴക്കുപുറത്തെ കിളിമരത്തിൻെറ നെറുകയിലിരുന്നു വണ്ണാത്തിക്കിളികൾ പ്രഭാതഗാനമാലപിക്കുന്നു. ഞാൻ കിടക്കയിൽനിന്നു ചാടിയെണീറ്റു. എപ്പോഴാണുറങ്ങിയതെന്നറിഞ്ഞില്ല. രണ്ടുമണിവരെ വായിച്ചുകൊണ്ടു കിടക്കുകയായിരുന്നു. 14-)o നമ്പർവിളക്കിൽ മണ്ണെണ്ണ തീർന്നപ്പോൾ തിരിതാഴ്ത്തി കിടന്നു. ചിന്തകൾചിറകുവിടർത്തി. ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി ശിക്ഷിക്കപ്പെടരുതെന്നാണു നീതിശാസ്ത്രം. പക്ഷേ, ഞാനെന്തുതെറ്റു ചെയ്തിട്ടാണു ഈ ശിക്ഷ അനുഭവിക്കുന്നത്? പണക്കാരുടേയും രാത്രിയെ പകലാക്കിമാറ്റാൻ കഴിയുന്ന തന്ത്രശാലികളുടേയും മാന്യമിത്രങ്ങളായി കഴിയുന്ന നീതിപാലകരുടെ കയ്യിൽ എത്രയെത്ര നിരപരാധികളാണു നിത്യവും പിടഞ്ഞുവീഴുന്നത്? ഇതിനെവിടെയാണു ഒരവസാനം? മാനവസമൂഹത്തിൻെറ നിത്യദുഃഖമായ ഈ നീതികേടുകൾക്കെതിരെ ഇനിയും ഒരു വിമോചന സമരംതന്നെ വേണ്ടിവരും. തുല്യനീതി- നിരപരാധികൾ ഒരിക്കലും ശിക്ഷിക്കപ്പെടാതിരിക്കുക. ഇതാകട്ടെ ലക്ഷ്യം!

വലിയണ്ണൻെറ ശബ്ദമല്ലേ കേൾക്കുന്നത്? മുഴങ്ങുന്ന ആ ശബ്ദം അപ്പോൾ എത്ര ആശ്വാസമായിരുന്നു! ഒരു കൊടുങ്കാറ്റുപോലെ ജേഷ്ഠൻ മുന്നിൽ നിൽക്കുന്നു. "ഉടൻതന്നെ നീ തിരുവനന്തപുരത്തെത്തണം. ജാമ്യത്തിനുവേണ്ടതെല്ലാം ചെയ്തിട്ടുണ്ട്. നീ എന്നോടൊന്നിച്ചു വരുന്നതു ആപത്താണു -സ്ഥലത്തു -മണിക്കു എത്തണം."

പറഞ്ഞുതീരുന്നതിനുമുൻപുതന്നെ അപ്രത്യക്ഷനായി. അതുവരെ എനിക്കു നൽകിയ എല്ലാ സഹായങ്ങൾക്കും-ഹൃദയത്തിലുള്ളതു അതേപടി പുറത്തറിയിക്കാൻ വാക്കുകൾ കിട്ടുന്നില്ല. - നന്ദിപറഞ്ഞുകൊണ്ടു പുറപ്പെട്ടു. നിരപരാധിയായ ഞാൻ- ഒരു ഭയങ്കര ജനദ്രോഹിയെപ്പോലെ- ആരുടേയും ശ്രദ്ധയിൽപെടാതെ - നിശ്ചിത സമയത്തുതന്നെ എത്തേണ്ടിടത്തെത്തി. എന്നെ പ്രതീക്ഷിച്ചിരുന്ന-നല്ലവനായ-നീതിമാനായ എൻെറ അഭിഭാഷകൻ എന്നെ നീതിപതിയുടെ മുൻപിൽ ഹാജരാക്കി. ചോദ്യോത്തരങ്ങളൊന്നുംകൂടാതെ നീതിപതി എൻെറ ജാമ്യാപേക്ഷ ഒപ്പുവച്ചു. ഏതുവിധേനയും എന്നെ കസ്റ്റഡിയിൽ എടുത്തു ഒന്നു പെരുമാറണം എന്ന ഉദ്ദേശത്തോടെ മാത്രം എന്നേയും കൂടി ഉൾപ്പെടുത്തിയ ഒരു പ്രമാദമായ ക്രിമിനൽ കേസിൽനിന്നും താൽക്കാലികമായെങ്കിലും ഞാൻ രക്ഷപ്പെട്ടു എന്ന ബോധം എനിക്കു ഒരു പുതിയ ജീവൻകിട്ടിയ നിർവൃതിയേകി. കഴിഞ്ഞ ഒരാഴ്ച്ചക്കാലം ഞാനനുഭവിച്ച വേദനകളും യാതനകളും- കടന്നുപോയ പാതകൾ- കണ്ടുമുട്ടിയ മുഖങ്ങൾ- ഒരിക്കലും എൻെറ ഓർമ്മയിൽനിന്നും വിട്ടുപോവില്ല.

***

# എസ്. കെ. എ. മന്ദിരം

**ജോർജ് നെറ്റോ**

എൺപത്തഞ്ച് വർഷങ്ങൾക്കുമുൻപ് സിംഗപ്പൂർ മലയാളികൾ ചരിത്രം സൃഷ്ടിച്ചു. അവർക്കും പിൽക്കാല സിംഗപ്പൂർ മലയാളി തലമുറകൾക്കും അഭിമാനം പകരുന്ന ഒരു ചുവടുവയ്പ്പ്! 1917-ൽ സിംഗപ്പൂരിലുണ്ടായിരുന്ന ആയിരത്തോളം മലയാളികൾ സഹ്യാദ്രിക്കും ബംഗാൾ ഉൾക്കടലിനുമിപ്പുറത്തും പുലർത്തിപ്പോന്ന മാതൃഭാഷാഭിമാനത്തിൻെറ പ്രതീകം!

1917-ൽ സിംഗപ്പൂർ കേരള അസോസിയേഷൻെറ പിറവി സിംഗപ്പൂരിലെ ഇന്ത്യാക്കാരുടെ പ്രഥമ സംഘടന എന്ന ബഹുമതിയുടെ നെറ്റിപ്പട്ടവുമായാണ്. 'കേരളീയ മഹാജന സംഘം', 'സിംഗപ്പൂർ മലയാളി അസോസിയേഷൻ', 'സിംഗപ്പൂർ കേരള സമാജം' എന്നീ പേരുകളിലൂടെ പ്രയാണം തുടർന്ന സിംഗപ്പൂരിലെ ഈ പ്രമുഖ മലയാളി സംഘടന 1959-ലാണ് 'സിംഗപ്പൂർ കേരള അസോസിയേഷൻ' എന്ന പേര് സ്വീകരിച്ചത്.

സംഘടനയ്ക്ക് ഒരു സ്വന്തം മേൽവിലാസമുണ്ടാവുന്നതിനുള്ള യത്നത്തിൻെറ തുടക്കം രണ്ടാം ലോകമഹായുദ്ധാനന്തര കാലഘട്ടത്തിലായിരുന്നു. 1949-ൽ ശ്രീ. ജി. എസ്. മുത്തുക്യഷ്ണൻ പ്രസിഡൻറും ശ്രീ. എം. ഭാസ്ക്കരൻനായർ ജനറൽ സെക്രട്ടറിയുമായി നിലവിൽവന്ന നിർവാഹകസമിതി കേരളസമാജം ബിൽഡിംഗ്ഫണ്ടിന് തുടക്കം കുറിച്ചു. ശേഖരിക്കാൻ കഴിഞ്ഞ സംഭാവനയ്ക്ക് ബുക്കിറ്റീമാറോഡ് മൂന്നാം മൈലിൽ റോബിൻ റോഡിൽ ഒരു ചെറിയ പ്ലോട്ട് സമാജത്തിൻെറ പേരിൽ വാങ്ങി, അവിടെ സമാജമന്ദിരം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ. കേരളസമാജത്തിന് സ്വന്തമായ ഒരു മന്ദിരമുണ്ടാവണമെന്ന പ്രവർത്തകരുടേയും അംഗങ്ങളുടെയും അഭിലാഷം സാക്ഷാത്കരിച്ചത് 1952 ആദ്യം ശ്രീ. ഏ. ഷുക്കൂർ പ്രസിഡൻറും ശ്രീ ജേ, എസ്. നായർ ജനറൽ സെക്രട്ടറിയും ശ്രീ കെ. വി. മേനോൻ ട്രഷററുമായി നിലവിൽ വന്ന നിർവാഹക സമിതിയാണ്, പ്രസിഡൻറ് ഷുക്കൂർ സ്വയമെടുത്ത തീരുമാനമാണ് അതിന് വഴിതെളിച്ചത്. ചുറുചുറുക്കുള്ള വ്യക്തി; ഇച്ഛാശക്തിയുള്ള യുവാവ്' സിവിൽ എഞ്ചിനീയറിംഗ് ക്ണ്ട്രാക്ടർ- അതായിരുന്നു ഷുക്കൂർ. എന്തെങ്കിലുമൊന്ന് ചെയ്യണമെന്ന് തീരുമാനിക്കുകയാണെങ്കിൽ, എന്തുവില നൽകിയും ആ തീരുമാനം നിറവേറ്റിയിരിക്കും.

44 റേയ്സ് കോഴ്സ് റോഡിലെ ഇരുനിലക്കെട്ടിടം വിൽക്കാനുദ്ദേശിക്കുന്നു എന്ന് കേട്ടയുടനേ ഷുക്കൂർ കെട്ടിടഉടമയായ ചീനനെ സമീപിച്ചു. വില പേശി 34000 ഡോളറിൻ ഉറപ്പിച്ചു. സ്വന്തം കീശയിൽനിന്ന് ആയിരം ഡോളർ ഷുക്കൂർ അഡ്വാൻസ് നൽകി. ചെവിക്കുചെവി അറിയാതെ ഇത്രയും ചെയ്തുകഴിഞ്ഞിട്ടാണ് അദ്ദേഹം ഇക്കാര്യം സമാജം നിർവാഹകസമിതിയെ അറിയിക്കുന്നത്. സ്വേച്ഛാധിപത്യപ്രകൃതമല്ല ഇതിനു കാരണം. അത്തരത്തിലുള്ള വ്യക്തി ആയിരുന്നു അദ്ദേഹം. മുൻകൂട്ടി നിർവാഹകസമിതിയെ അറിയിക്കുകയും നിർവാഹകസമിതിയുടെ തീരുമാനത്തിനുവേണ്ടി കാത്തിരിക്കുകയും ചെയ്താൽ കെട്ടിടം മറ്റാരുടെയെങ്കിലും കരങ്ങളിലെത്തും എന്ന ഭയം കാരണമാണ് സ്വയം മുന്നോട്ടു നീങ്ങാൻ ഷുക്കൂർ ഒരുമ്പെട്ടത്. 1950-കളിൽ നിർവാഹകസമിതി യോഗം മണിക്കൂറുകൾ നീണ്ടുപോവുകയായിരുന്നു പതിവ്. കെട്ടിടം വാങ്ങുന്ന കാര്യത്തെ സംബന്ധിച്ച് അനുകൂലവും പ്രതികൂലവുമായ അഭിപ്രായങ്ങൾ പൊന്തിവരും രൂക്ഷമായ വാദപ്രതിവാദങ്ങൾ നീണ്ടുനീണ്ടു പോകും. പണമൊട്ടും കൈവശമില്ലാതെ കെട്ടിടം വാങ്ങാനൊരുമ്പെടുന്നത് ആശാസ്യമല്ല എന്ന അഭിപ്രായത്തിനാവും മുൻതൂക്കം. ഇതൊഴിവാക്കുന്നതിന് ഷുക്കൂർ പ്രയോഗിച്ച തന്ത്രം വിജയിച്ചു. രൂക്ഷമായ ദീർഘവാദപ്രതിവാദങ്ങൾക്കുശേഷം പ്രസിഡൻറിൻെറ നീക്കം അംഗീകരിക്കപ്പെട്ടു

സമ്പന്നരായ മലയാളികൾ 500-ഉം 1000 ഉം 2000-ഉം 5000-ഉം ഒക്കെ സംഭാവന നൽകി. അന്ന് ചുരുക്കം ചില മലയാളികൾ മാത്രമായിരുന്നു ഭേദപ്പെട്ട സാമ്പത്തികനിലയുള്ളവർ. സംഭാവനത്തുക മുൻകൂറായി നൽകി. ബാക്കിത്തുക തവണയായി അടച്ചുതീർക്കാമെന്ന് സമ്മതിച്ചു; താക്കോൽ ലഭിച്ചു. 1952 നവംബറിൽ ശ്രീ എം. ഗോപാലമേനോൻ (Representative of the Govt. of India in Malaya and Singapore) സമാജമന്ദിരോൽഘാടന കർമ്മം നിർവഹിച്ചു. 1952 ഡിസംബറിൽ എംപ്രസ് പ്ലേസിൽ സ്ഥിതിചെയ്യുന്ന വിക്ടോറിയാമെമ്മോറിയൽ ഹാളിൽ ചേർന്ന കേരള സമാജത്തിൻെറ 35)0 വാർഷിക പൊതുയോഗം ഒൻപതു മണിക്കൂറോളം നീണ്ടുനിന്നു. സമാജാംഗങ്ങൾ ഹാൾ നിറഞ്ഞു കവിഞ്ഞിരുന്നു. കെട്ടിടം വാങ്ങിയതിനെപ്പറ്റി അനുകൂലമായും പ്രതികൂലമായും അഭിപ്രായഗതി ശക്തമായി ഉയർന്ന ചുറ്റുപാടാണ് ഇത്രയേറെ അംഗങ്ങൾ വാർഷിക പൊതുയോഗത്തിൽ സംബന്ധിക്കാനിടയാക്കിയത്. യോഗത്തിൽ അനുകൂലവും പ്രതികൂലവുമായ അഭിപ്രായങ്ങൾ മണിക്കൂറുകളോളം ഉയർന്നു. 1953-ലേയ്ക്കുള്ള നിർവാഹകസമിതി തെരെഞ്ഞെടുപ്പ് വേളയിൽ പ്ര്സിഡൻറ് സ്ഥാനത്തേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ശ്രീ. ഏ. ഷുക്കൂറിനെതിരായി ഒരു പേര് നിർദ്ദേശിക്കപ്പെട്ടു. ആ പേരിൻെറ ഉടമയെ അറിയുന്നവർ അയാളെ കൊണ്ടുവന്നവർ മാത്രം. ആളെ കാണണമെന്ന ശബ്ദമുയർന്നപ്പോൾ, എഴുന്നേറ്റു നിന്നയാൾ കോട്ടും സൂട്ടും ധരിച്ചിരുന്നു; പക്ഷെ, രൂപത്തിലും ഭാവത്തിലും പ്രാകൃതം. അയാളെ കൊണ്ടുവന്നവരുടെ ലക്ഷ്യം ഷുക്കൂർ കെട്ടിടം വാങ്ങിയതിലുള്ള പകതീർക്കലും ഷുക്കൂറിനെ കളിയാക്കലും മാത്രം.

തെരഞ്ഞെടുക്കപ്പെട്ട നിർവാഹകസമിതിയിൽ ഷുക്കൂർ പ്രസിഡൻറ്, ജേ. എസ്. നായർ ജനറൽ സെക്രട്ടറി, കെ. വി. മേനോൻ ട്രഷറർ. പ്രസ്തുത നിർവാഹക സമിതിയിലെ ഒരംഗമെന്ന നിലയ്ക്കാണ്

സമാജപ്രവർത്തനങ്ങളിലേയ്ക്ക് ഞാൻ കടന്നു വന്നത്. കെട്ടിട വിലയിൽ കൊടുത്തുതീർക്കേണ്ട തുക ശേഖരിക്കുന്നതിന് സമാജം ബിൽഡിംഗ് ഫണ്ട് സമിതി രൂപീകരിച്ചു. നൂറിലേറെ അംഗങ്ങളുള്ള സമിതിയുടെ ചെയർമേൻ ശ്രീ ഏ. പി മേനോനാ യിരുന്നു. ബിൽഡിംഗ് സമിതി അംഗങ്ങൾ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് എല്ലാ ഞായറാഴ്ച്ചകളിലും പൊതുഒഴിവുദിനങ്ങളിലും സിംഗപ്പൂരിൻെറ വിവിധ ഭാഗങ്ങളിൽ മലയാളിഭവനങ്ങൾ സന്ദർശ്ശിച്ചു. തഞ്ചോങ്ങ്പാഗാർ, കമ്പോംഗ്ബാറു, അലക്സാണ്ട്രാ, പാസിർപഞ്ചാങ്ങ്, വുഡ്ലാർഡ്സ്, ബുക്കിറ്റ് പാഞ്ചാ ങ്ങ്, ബുക്കിറ്റീമാ, 9-)ാ മൈൽ, 7-)ാ മൈൽ, 6-)ാ മൈൽ, സെമ്പവാങ്ങ്, നീസൂൺ, ജാലാൻകായു, പായ്ലേബാർ, പൊത്തോങ്ങ്പാസിർ, ചാങ്ങി, കത്തോങ്ങ്, ഗേലാങ്ങ്, ലിറ്റിൽഇന്ത്യ എന്നീ പ്രദേശ ങ്ങളിലായിരുന്നു മലയാളികൾ തിങ്ങിപ്പാർത്തിരുന്ന ത്. അക്കാലത്ത് മലയാളികളിൽ കൂടുതൽ പേരും കേരളത്തിൽ നിന്നെത്തിയ അവിവാഹിതരായിരുന്നു. രോബിൻറോഡിലെ പ്ലോട്ട് വിറ്റുകിട്ടിയ തുകയും കെട്ടിടത്തിനടച്ചു.

ഷുക്കൂറിൻെറ നിർവാഹകസമിതിയെത്തുടർന്ന്, സി. പി. രാമകൃഷ്ണൻ, സിറിൾപീറ്റർ, ജേ. പി. ഗോമസ്സ്, വി. സുരേന്ദ്രനാഥ് എന്നീ പ്രസിഡ ൻറുമാരുടെ കാലത്തും ബിൽഡിംഗ് ഫണ്ട് പിരിവ് തുടർന്നുപോന്നു. വളരെയധികം മലയാളികൾ താന്താങ്ങളുടെ കഴിവിന്നനുസരിച്ച് സംഭാവനകൾ നൽകി. "ജീവിക്കാൻവന്ന നാട്ടിൽ ഇതിൻെറയൊ ക്കെ ആവശ്യമുണ്ടോ?" എന്ന് ചോദിച്ച ചുരുക്കം ചിലരും അക്കാലത്തിവിടുത്തെ മലയാളിക്കളിലുണ്ടാ യിരുന്നു. കെട്ടിടത്തിൻെറ കടംവീട്ടൽ പൂർത്തീകരി ച്ചത് സുരേന്ദ്രനാഥിൻെറ കാലത്തായിരുന്നു. ബിൽഡിംഗിൻെറ കടം തീർക്കുന്നതിനുള്ള പ്രവർത്ത നത്തിൽ ഉത്സാഹപൂർവ്വം പങ്കെടുത്ത നിരവധി മലയാളികളുടെ മുഖങ്ങൾ എൻെറ കൺമുന്നിൽ നിഴലിക്കുന്നു.

ഇന്നു കാണുന്ന രൂപമായിരുന്നില്ല അക്കാലത്ത്. ഇന്നത്തെ രൂപം ലഭിച്ചത് പത്തു വർഷങ്ങൾക്കു മുൻപ് പ്രസിഡൻറ് ശ്രീ. കെ. ഓ. ജോർജ്ജിൻെറ നിർവാഹകസമിതിയുടെ ശ്രമഫലമായിട്ടാണ്. അൻ പത്തയ്യായിരം ഡോളർ അംഗങ്ങളിൽ നിന്നും അനു ഭാവികളിൽ നിന്നും പിരിച്ചെടുത്ത് കെട്ടിടത്തിന് രൂപ ഭംഗി നൽകി; സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. അഭ്യസ്ത വിദ്യരായ പുതിയ മലയാളി തലമുറകൾ മടിക്കാതെ എസ്. കെ. ഏ. മന്ദിരത്തിലേയ്ക്ക് കടന്നു വരണ മെന്ന ലക്ഷ്യമായിരുന്നു ഇതിൻെറ പിന്നിൽ മലയാ ളികളും അല്ലാത്തവ്വരുമായ നിരവധി പ്രശസ്ത വ്യക്തി കളെ സ്വീകരിക്കുന്നതിനുള്ള ഭാഗ്യം നമ്മുടെ ഈ മന്ദിരത്തിന് കൈവരികയുണ്ടായി.

1956-ൽ തെക്കുകിഴക്കേഷ്യൻ സന്ദർശനത്തിനെ ത്തിയ തകഴി ശിവശങ്കരപ്പിള്ള ഒരു മാസത്തോളം സിംഗപ്പൂരിലുണ്ടായിരുന്നപ്പോൾ ഹോട്ടലിലോ മലയാ ളി ഭവനങ്ങളിലോ താമസിക്കാനിഷ്ടപ്പെട്ടില്ല. സമാജ മന്ദിരത്തിൻെറ രണ്ടാം നിലയാണ് പാർപ്പിടമായി സ്വീകരിച്ചത്. അന്ന് അവിവാഹിതരായ ആറ് മലയാളി യുവാക്കൾ അവിടെ വാടകയ്ക്ക് താമസി ക്കുന്നുണ്ടായിരുന്നു.

വി. കെ. കൃഷ്ണമേനോൻ, മഹാകവി വള്ള ത്തോൾ, കെ.പി. കേശവമേനോൻ, എസ്. കെ. പൊറ്റക്കാട്ട്, പ്രേംനസീർ, രാമുകാര്യാട്ട്, യേശുദാസ്, പി. ലീല, തിക്കുറിശ്ശി സുകുമാരൻനായർ, ജഗതി എൻ. കെ. ആചാരി, ബാലചന്ദ്രമേനോൻ, എം ടി. വാസുദേവൻനായർ, സി.കേശവൻ, പനമ്പള്ളി ഗോവിന്ദമേനോൻ, ആർ. ശങ്കർ, സി. എച്ച്, മുഹമ്മ ദുകോയ, കമലാസുരയ്യ, മധു, ഡോഃ കെ.എം. ജോർജ്ജ്, ഡോഃ എസ്.കെ നായർ, പ്രൊഫ്ഃ കെ.എം. തരകൻ, പ്രൊഫ്ഃ എസ്. ഗുപ്തൻ നായർ, പൊഫ്ഃ ഓ. എൻ. വി. കുറുപ്പ്, ഇവരൊക്കെ എസ് കെ ഏ മന്ദിരത്തിലേയ്ക്ക് കടന്നുവന്ന നിരവധി പ്രശസ്ത മലയാളികളിൽ ചിലർ മാത്രം.

ലിറ്റിൽഇന്ത്യയിൽ സ്ഥിതിചെയ്യുന്ന ഈ മന്ദിരം അരനൂറ്റാണ്ടിനുമുൻപ് സിംഗപ്പൂർ മലയാളികൾക്ക് അഭിമാനം പകരുന്ന ഒന്നായിരുന്നു. 1965-ൽ സിംഗപ്പൂർ സ്വാതന്ത്ര്യം പ്രാപിക്കുന്നതുവരെ സ്ഥിതി അതായിരുന്നു. അതിനുശേഷം ആരെയും ഒന്നിനെ യും കാത്തുനിൽക്കാതെ ലോകം വളരെയേറെ മുന്നോട്ടു നീങ്ങി. അതിനനുസരിച്ച് സിംഗപ്പൂർ റിപ്പ ബ്ലിക്കും. ഇരുപത്തൊന്നാം നൂറ്റാണ്ടിൻെറ പടിവാതി ലിൽ എത്തിച്ചേർന്നിരിക്കുന്ന നാം ഓരോരുത്തരും ചുറ്റുമൊന്ന് കണ്ണോടിച്ചിട്ട് സ്വയം ചോദിക്കണം

44 റെയ്സ് കോഴ്സ് റോഡിലെ ഈ ചെറു മന്ദിരം സിംഗപ്പൂർ മലയാളികളുടേതെന്ന് പറയുക നമുക്ക് അഭിമാനകരമാണോ?

***

# പഴഞ്ചൊല്ലുകളിൽ ഒളിയിരിക്കുന്ന പഴങ്കഥകൾ
## ഡോ. ഹരി കൊച്ചാട്ട്

പൂർവ്വികരുടെ സംഭാഷണവേളകളിൽ ഉയിക്കൊണ്ട സ്വരച്ചെച്ചയാന്ന സാഹിത്യം തുളുമ്പുന്ന വാമൊഴികളാണ് പിൽക്കാലത്ത് പഴഞ്ചൊല്ലുകളായി രൂപാന്തരം പ്രാപിച്ചത്. പക്ഷെ, കാലാന്തരനിരീക്ഷണത്തിൽ പല കാവ്യഗ്രന്ഥങ്ങളിലും യഥാർത്ഥ പഴഞ്ചൊല്ലുകൾക്ക് പകരം നിലവാരം താണ വിവിധ "പുതുചൊല്ലുകളും" സ്ഥാനം കണ്ടെത്തി എന്നത് വേറൊരു സത്യം. ശൈലികൾ കോർത്തിണക്കിയ ഈ പഴമൊഴികൾ ഫലിതത്തിൻെറ തേൻതുള്ളികൾ തളിച്ചവയുമാണ് എന്നതും മറക്കാവതല്ല. പഴഞ്ചൊല്ലുകളിൽ ശൈലികളുടെ പ്രാധാന്യം ഏറെയാണെങ്കിലും ശൈലികളും, പഴഞ്ചൊല്ലുകളും വേർതിരിക്കാവുന്നവയാണ്. പഴമൊഴിയാണ് പഴഞ്ചൊല്ലുകളുടെ ആധാരം. എന്നാൽ ശൈലികൾ വാമൊഴിയിൽ നിന്നും വരമൊഴിയിൽ നിന്നും ഉത്ഭവിക്കുന്നു. പഴഞ്ചൊല്ലുകളുടെ ഉത്ഭവം പലതരത്തിലാകാം. പലപ്പോഴും സംഭാഷണവേളയിൽ നിന്നും ഉതിരുന്ന വാമൊഴിയാണ് ഇതിന് നിദാനമെന്നിരിക്കിലും, രസകരമായ പലസംഭവകഥകളും പഴഞ്ചൊല്ലുകളുടെ ഉത്ഭവത്തിന് നിദാനമായി തീർന്നിട്ടുണ്ട്. അത്തരത്തിൽ ഉത്ഭവംകൊണ്ട ചില പഴഞ്ചൊല്ലുകൾ നമുക്കിവിടെ ഉദാഹരണങ്ങളായി വിശകലനം ചെയ്യാം.

### "നക്കുമ്പോൾ നാവു പൊങ്ങുമോ"

നമുക്കേവർക്കും സുപരിചിതനായ കുഞ്ചൻ നമ്പ്യാരിൽ നിന്നുമാണ് ഈ പഴഞ്ചൊല്ല് ഉൽഭവിച്ചതെന്ന് അറിവുള്ളവർ ചുരുക്കം. അതിനുമപ്പുറം ഉൽപ്പത്തിക്കു പിന്നിൽ ഒരു രസകരമായ സംഭവമുണ്ടെന്നറിയുമ്പോൾ നമ്മളിൽ ഔത്സുക്യം കൂടിയേക്കാം.

ചെമ്പകശ്ശേരി രാജാവ് ഒരിക്കൽ വിഭവസമൃദ്ധമായ ഒരു സദ്യ നടത്തുകയായിരുന്നു. ക്ഷണിച്ചുവരുത്തിയവരുടെ കൂട്ടത്തിൽ കുഞ്ചൻ നമ്പ്യാരും ഉണ്ടായിരുന്നു. സദ്യയുടെ രുചി തിരുവുള്ളത്തിനെ അറിയിക്കാൻ പണ്ഡിതന്മാരെല്ലാം ഒത്തുചേർന്ന് സദ്യക്കിടയിൽ രാജാവിനെ പ്രകീർത്തിച്ചുകൊണ്ടിരുന്നു. എന്നാൽ നമ്പ്യാർ മാത്രം ഒന്നും പറയാതെ സദ്യയിൽ മുഴുകിയിരിക്കുന്നത് രാജാവ് കാണാൻ ഇടവന്നു. തൻെറ സദ്യ കുഞ്ചനുമാത്രം പിടിച്ചില്ലെന്നു കരുതി രാജാവ് നമ്പ്യാരോട് വിഷമത്തോടെ കാര്യമന്വേഷിച്ചു.

കുഞ്ചൻ നമ്പ്യാർ ഈ വിധം മറുപടി നൽകി, "തിരുമേനി, സദ്യ കെങ്കേമമായിരിക്കുന്നു. ഞാനതു അത്യധികം കണ്ടും കൊണ്ടും ആസ്വദിച്ചകാരണം ശ്ലോകം ചൊല്ലാൻ സാധിച്ചില്ല. നക്കുമ്പോൾ നാവ് പൊങ്ങില്ലല്ലോ".

ഇതുകേട്ട് മറ്റ് പണ്ഡിതന്മാർ ലജ്ജിച്ചു തല താഴ്ത്തി. നമ്പ്യാരുടെ വാക്യം ഒരു പഴഞ്ചൊല്ലായി മാറുകയും ചെയ്തു.

****************************************************************************************

മറ്റൊരു പഴഞ്ചൊല്ല് ശ്രദ്ധിക്കാം.

### "എട്ടെന്ന് ചുട്ടത് പത്തെന്ന് ചുട്ടെങ്കിൽ"

ഈ കടംകഥയിൽ ഒളിഞ്ഞിരിക്കുന്ന പഴങ്കഥ എന്തെന്നല്ലേ. ഒരിക്കൽ ഒരു കൂലിവേലക്കാരൻ പറമ്പിൽ വാഴ നടാൻ കുഴികൾ കിളച്ചുകൊണ്ടിരിക്കുകയായിരുന്നു. കുറച്ചധികം താഴേക്ക് കുഴിച്ചപ്പോളൊരു സ്വർണ്ണക്കട്ടി കണ്ടുകിട്ടാൻ ഇടയായി. പക്ഷെ, ആ കൂലിവേലക്കാരന് അത്

സ്വർണ്ണമാണെന്ന് മനസ്സിലായില്ല. ഏതോ ഒരു ലോഹമാണെന്ന് മാത്രം മനസ്സിലായി. എന്തായാലും അത്രയധികം ഭാരമുള്ള ലോഹക്കട്ടി വിറ്റാൽ അന്നത്തേക്കുള്ള ആഹാരത്തിന് വകയാകുമെന്ന് കരുതി അതുമെടുത്ത് അങ്ങാടിയിലേക്ക് ചെന്നു. യാഥാർത്ഥ്യം മനസ്സിൽ കണ്ടറിഞ്ഞ ഒരു തുരുമ്പുകച്ചവടക്കാരൻ, ലോഹക്കട്ടിയുമായി നടക്കുന്ന കൂലിവേലക്കാരൻെറ പിന്നാലെ കൂടി. അയാൾ വിലപറഞ്ഞു പിശകാൻ തുടങ്ങി. അവസാനം "എട്ടണ" തരാമെന്ന് പറഞ്ഞു (പണ്ടുകാലത്തെ എട്ടണയുടെ വില ഇന്നത്തെ എട്ടണയ്ക്ക് തുല്യമല്ലെന്ന് പറയേണ്ടതില്ലല്ലോ). കച്ചവടം ഒരുവിധം ഉറയ്ക്കുന്ന മട്ടായി. അത്രയുമായപ്പോൾ, ഇതെല്ലാം കേട്ടുകൊണ്ട് തൊട്ടടുത്ത് നിന്നിരുന്ന മറ്റൊരുവൻ ഉടനെ തന്നെ "ഇതാ പിടിച്ചോ പത്തണ" എന്ന് പറഞ്ഞ്, പത്തണ കൂലിവേലക്കാരൻെറ കയ്യിൽ വെച്ചുകൊടുത്തിട്ട്, സ്വർണ്ണക്കട്ടിയുമായി തൽക്ഷണം നിഷ്ക്രമിച്ചു. ഒരു ചെറിയ വാക്കിൻെറ വ്യത്യാസത്തിൽ നഷ്ടപ്പെട്ട ജീവനിധിയെക്കുറിച്ച് ആലോചിച്ച് നിരാശനായ ആദ്യത്തെ കച്ചവടക്കാരന് ഭ്രാന്ത് പിടിച്ചു എന്ന് പറഞ്ഞാൽ വിശ്വസിക്കാൻ പലക്കും പ്രയാസമായിരിക്കും. പക്ഷെ, അതാണ് സത്യത്തിൽ സംഭവിച്ചത്.. അന്നുമുതൽ ആ ഭ്രാന്തൻ തെരുവുതോറും നടന്ന് ഉരുവിടാൻ തുടങ്ങി, "എട്ടെന്ന് ചുട്ടത് പത്തെന്ന് ചുട്ടെങ്കിൽ"

രസകരമായ കഥയുടെ അന്ത്യം ഇതുകൊണ്ടവസാനിക്കുന്നില്ല. ഭ്രാന്തനെക്കൊണ്ട് നാട്ടുകാക്ക് മാത്രമല്ല വീട്ടുകാക്കും പ്രശ്നമായിത്തീന്നു. ശല്യം സഹിക്കവയ്യാതായപ്പോൾ വീട്ടുകാർ ഭ്രാന്തനെ ഒരു മനശാസ്ത്രവിദഗ്ദ്ധനെ കാണിക്കുവാൻ കൊണ്ടുപോയി. വൈദ്യൻ രോഗിക്ക് പ്രതിവിധി കണ്ടുപിടിച്ചു. ഭ്രാന്തനെക്കൊണ്ട്, "കണ്ടില്ല കൊണ്ടില്ല ലാഭമില്ല, കാണാത്ത കിണ്ടിക്ക് ചന്തമില്ലാ" എന്ന് ഒരുവിടാൻ പഠിപ്പിച്ചു. അയാളങ്ങിനെ പറയുവാൻ തുടങ്ങി എന്നുമാത്രമല്ല, അയാളുടെ ഭ്രാന്തും പോയി.

*******************************************************************************************

കേരളത്തിന് അകമേയും പുറമേയുമുള്ള കേരളമക്കൾ തിരുവോണം കൊള്ളാൻ ഒരുങ്ങിയിരിക്കുന്ന ഈ വേളയിൽ ഓണമെന്ന പദത്തിൻെറ പ്രാധാന്യം മുന്തിനിൽക്കുന്നവയും യഥാർത്ഥജീവിതത്തിൽ നമുക്കേവക്കും പ്രയോഗിക്കാൻ ഉതകിയവയുമായ ചില നമ്മരസം കലന്ന പഴഞ്ചൊല്ലുകളിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം.

"ഓണത്തപ്പാ കുടവയറാ എന്ന് തീരുമീ തിരുവോണം?"

ഭക്ഷണപ്രിയരുടെ ഒരു കണ്ണ് എപ്പോഴും എവിടെ സദ്യയുണ്ടെന്നതിലായിരിക്കുമല്ലോ. മറ്റൊരു തരക്കാരുണ്ട് നമ്മുടെ നാട്ടിൽ. ഉദാരമതികളായ വീട്ടമ്മയുടെ വിശാലമനസ്കത ഒരു ഉപായമായി പ്രയോഗിച്ച്, എന്തെങ്കിലും ആവശ്യങ്ങൾക്കോ, സഹായം ചെയ്യാനെന്ന ഭാവത്തോടേയോ വീടുകളിൽ എത്തുന്നത് ഭക്ഷണസമയത്ത് മാത്രമായിരിക്കും. മനസ്സിലെ പ്രധാന ഉദ്ദേശം ഭോജനം തന്നെ. അത്തരത്തിൽ സദ്യപ്രിയരായി സദ്യകൊള്ളുന്നവരേയോ അല്ലെങ്കിൽ അമിതമായി അത്യാഗ്രഹം കാണിച്ച് വിളമ്പിവെച്ചിരിക്കുന്ന ഭക്ഷണം ഉരുളക്കുരുള പിന്നാലെ "ഭോജനക്രിയ" നടത്തുന്നവരേയോ ഉദ്ദേശിച്ചാണ് ഇപ്പറഞ്ഞ പഴഞ്ചൊല്ല് ഉദ്ധരിച്ചിരിക്കുന്നത്.

*******************************************************************************************

"ഓണത്തിനിടയ്ക്കാണോ പൂട്ടുകച്ചോടം"

കേരളത്തിൽ സകലമാനജനങ്ങളും നൂറ്റാണ്ടുകളായി ആഘോഷിച്ച് വരുന്ന ദേശീയ ഉത്സവചടങ്ങാണല്ലോ ഓണം. അതുകൊണ്ട് ഓണത്തെ ഒരു വൻകാര്യമായി ഇതിലൂടെ പ്രകീർത്തിക്കുന്നു. പൂട്ടുകച്ചവടം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വളരെ നിസ്സാരമായ ഒരു സംഗതിയെന്നുമാണ്. രണ്ട് ധ്രുവങ്ങൾ പോലുള്ള വ്യത്യാസം ഈ രണ്ട് കാര്യങ്ങൾക്കിടയിലും ഉണ്ടെന്ന് സ്പഷ്ടം. അതിനാൽ പഴഞ്ചൊല്ലിൻെറ സാരം, "വൻകാര്യങ്ങൾക്കിടയിലാണോ നിസ്സാരകാര്യം?" എന്നത് തന്നെ.

*******************************************************************************************

"ഓണത്തേക്കാൾ വലിയ മകമുണ്ടോ"

യജമാനനെക്കാൾ വില ഭൃത്യനുണ്ടോ അല്ലെങ്കിൽ ഗുരുവിനേക്കാൾ വലിയ ശിഷ്യനുണ്ടോ എന്ന് സാരം. പണ്ടുകാലത്ത് തിരുവോണം ആഘോഷിച്ചിരുന്ന കേരളീയർ തിരുവോണത്തിന് ശേഷം വരുന്ന പതിനാറാം മകവും ആഘോഷിക്കാറുണ്ടായിരുന്നു. എന്നാൽ മകത്തേക്കാൾ ഏറെ പ്രാധാന്യം ഇന്നത്തേതെന്നപോലെ അന്നും തിരുവോണത്തിന് തന്നെ ആയിരുന്നു താനും. പഴഞ്ചൊല്ലിൻെറ അടിസ്ഥാനവും ഇതു തന്നെ.

*******************************************************************************************

"ഓണമുണ്ട വയർ ചൂളം പാടും"

ദരിദ്രർ കാണം വിറ്റും ഓണം കൊണ്ടാടാറുള്ള ചരിത്രം നാം മറന്നിട്ടില്ലല്ലോ? എന്നാൽ ഓണനാളുകൾ മൺമറഞ്ഞാലോ? ദരിദ്രഭവനത്തിൽ ദാരിദ്യം വീണ്ടും വന്നണയുകയായി. ഈ പഴഞ്ചൊല്ലിൽ അടങ്ങിയിരിക്കുന്ന അർത്ഥം, "ഓണമുണ്ട് വീർത്ത വയർ ആഘോഷദിനങ്ങളെല്ലാം കഴിഞ്ഞാൽ പട്ടിണി മൂലം ചൂളമടി തുടങ്ങും" എന്നാണ്. ഈ പഴഞ്ചൊല്ലിൽ ഗുപ്തമായ മറ്റൊരർത്ഥവുമുണ്ട്. സന്തോഷം എന്നും നിലനിൽക്കില്ല. സന്തോഷത്താൽ മനം മറന്നാൽ ദുഃഖത്തിൽ താണുപോകുവാനും ഇടയുണ്ടെന്ന് നമ്മെ ഓർമ്മിപ്പിക്കുക കൂടിയാണ് ഈ പഴഞ്ചൊല്ലുകൊണ്ട് പൂർവ്വികർ ഉദ്ദേശിച്ചത്.

*******************************************************************************************

"ഓണാട്ടൻ വിതച്ചാൽ ഓണത്തിന് പുത്തരി"

കേരളത്തിലെ നെൽപ്പാടങ്ങളിൽ കാലാവസ്ഥയുടെ വ്യതിയാനങ്ങൾക്കനുസരിച്ച് പലതരം വിത്തുകളാണ് വിതയ്ക്കാറുള്ളത്. ഓണക്കാലത്ത് സമൃദ്ധമായ വിള കിട്ടുവാനായി ഓണാട്ടൻ വിത്തുകളായിരുന്നു വിതച്ചിരുന്നത്. അന്നൊക്കെ ഉദ്ദേശമനുസരിച്ചു നല്ല വിളയെടുപ്പും ഉണ്ടായിരുന്നു. ഇതാണ് ഈ പഴഞ്ചൊല്ലുകൊണ്ട് ഉദ്ദേശിക്കുന്നതെങ്കിലും വളരെ യുക്തമായ ഒരു ഉപദേശം കൂടി ഇതിൽ അടങ്ങിയിരിക്കുന്നു. ചെയ്യേണ്ട കാര്യങ്ങൾ താമസംവിന ചെയ്യേണ്ടവിധം ചെയ്താൽ അന്ത്യവിജയം പ്രാപ്യം എന്നതാണ് അന്തർലീനമായ ഉപദേശം.

*******************************************************************************************

"ഓണം പോലെയാണോ തിരുവാതിര"

രണ്ടും രണ്ടുതന്നെയെന്ന് അർത്ഥം. അല്ലെങ്കിൽ തികച്ചും വ്യത്യസ്തമായ രണ്ട് വസ്തുക്കളേയോ, സംഗതികളേയോ കൂട്ടിയിണക്കുകയോ, താരതമ്യപ്പെടുത്തുകയോ ചെയ്യുന്നതിൽ അർത്ഥമില്ലെന്ന് സാരം.

*******************************************************************************************

"ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ കഞ്ഞി"

ദരിദ്രർ എന്നും എവിടേയും അത്തരത്തിൽ തന്നെ കഴിയാൻ വിധിച്ചിട്ടുള്ളവരെന്നത് ഒരു ദുഃഖസത്യമാണല്ലോ? ദേശീയഘോഷങ്ങളോ ഗാഹികമായ സൽക്കാരങ്ങളോ അവക്ക് നിനച്ചിട്ടില്ല. പണ്ട്കാലത്ത് വളരെ വിരളമായി മാത്രമെ അവർ ഉള്ളതുകൊണ്ടോ അല്ലെങ്കിൽ ഉള്ളത് വിറ്റിട്ടോ സ്വഭവനങ്ങളിൽ സൽക്കാരങ്ങളോ ആഘോഷങ്ങളോ കൊണ്ടാടാറുള്ളു. അത്തരം അവസരങ്ങളിൽ ഒന്ന് ഓണവും രണ്ടാമത്തേത് സ്വഗൃഹത്തിൽ ആൺകുട്ടി പിറക്കുന്ന വേളയുമാണ്. വീട്ടുമുറ്റത്ത് കുഴികുത്തി, കുഴിയിൽ ഇല കുമ്പിൽകുത്തി കുഴിച്ചുവെയ്ച്ച് കഞ്ഞിയും പയറും വിളമ്പുന്ന അത്തരം ഗ്രാമീണസദ്യകൾ നമ്മളിൽ ചിലരെങ്കിലും മറന്നിട്ടുണ്ടാവില്ല. ഇതാണ് ഈ പഴഞ്ചൊല്ലിന് ആദാരം.

*****************************************************************************************

"ഓണം വരാനൊരു മൂലം വേണം"

തിരുവോണം നാളിന് മുൻപാണല്ലോ "മൂലം" നക്ഷത്രം. മൂലം നക്ഷത്രം കഴിയാതെ "തിരുവോണം" നക്ഷത്രം വരികയില്ലല്ലോ. ഇതിൽ നിന്നാണ് ഇപ്പറഞ്ഞ പഴഞ്ചൊല്ല് ഉദിച്ചതെങ്കിലും പഴഞ്ചൊല്ല് കൊണ്ട് ഉദ്ദേശിക്കുന്നത്, "എന്തെങ്കിലും ഒരു കാര്യമുണ്ടാകാൻ ഒരു കാരണം വേണം" എന്ന സത്യാവസ്ഥയാണ്.

*****************************************************************************************

പഴഞ്ചൊല്ലുകളിലെ സാരാംശം പലപ്പോഴും വായിക്കുമ്പോൾ തന്നെ മിക്കപ്പോഴും സ്പഷ്ടമാണ്. എന്നാൽ കടംകഥകൾ അങ്ങിനെയല്ല. വളരെ വിരളമായി കടംകഥകളെന്ന് തോന്നിക്കുന്ന പഴഞ്ചൊല്ലുകളും കാണാൻ ഇടവന്നെന്നിരിക്കാം. അത്തരത്തിലുള്ള ഒരു പഴഞ്ചൊല്ലുകൂടി ഈ ലേഖനത്തിൽ ഓണക്കാഴ്ചയായി അപ്പിച്ചുകൊള്ളട്ടെ.

"ഇങ്ങില്ല അങ്ങുണ്ട്, ഇങ്ങുണ്ട് അങ്ങില്ല,
ഇങ്ങുമില്ല അങ്ങുമില്ല, ഇങ്ങുമുണ്ട് അങ്ങുമുണ്ട്"

തപസ്വീ, വേശ്യ, യാചകൻ, ഗൃഹസ്ഥൻ എന്നിവരെയാണ് ഇതിൽ യഥാക്രമത്തിൽ പരാമശിച്ചിരിക്കുന്നത്.

"ഇങ്ങില്ല അങ്ങുണ്ട്"- തപസ്വിക്ക് ഇഹലോകത്തിൽ സമ്പാദ്യമൊന്നും ഇല്ല. എന്നാൽ പരലോകത്തിൽ ഗതിയുണ്ട്.
"ഇങ്ങുണ്ട് അങ്ങില്ല"- വേശ്യയുടെ കാര്യം നേരെ മറിച്ചാണ്.
"ഇങ്ങുമില്ല അങ്ങുമില്ല"- യാചകന്റെ സ്ഥിതി ഇരുലോകത്തും ഒരുപോലെ തന്നെ.
"ഇങ്ങുമുണ്ട് അങ്ങുമുണ്ട്"- നല്ലവനായ ഗൃഹസ്ഥന്റെ സ്ഥാനമാനങ്ങൾ ഇരുലോകത്തും വളരെ നല്ലത് തന്നെയെന്ന് അനുമാനിച്ചിരിക്കുന്നു.

*****************************************************************************************

HARI KOCHAT
SAN ANTONIO
TEXAS, USA
hkochat@satx.rr.com

# ഗംഗയുടെ രേഖ

**വിജയൻ ടി. എസ്സ്.**

പൊടിനിറഞ്ഞ മണ്ണിലൂടെ ഗംഗയുടെ കുറുകേയുള്ള പാലത്തിലെത്തുംവരെ ആശ്ചര്യമായിരുന്നു.

"ഈ മരുപ്രദേശമോ ഇന്ത്യയുടെ പുണ്യഭൂമിയായ ഹരിദ്വാർ?!"

നിരനിരയായി നീങ്ങുന്ന വിനോദസഞ്ചാരികളെ പിന്തുടർന്ന് ഗംഗാതടത്തിൽ എത്തിയപ്പോഴാകട്ടെ, മറ്റൊരു ലോകത്തു ചെന്നുപെട്ട പ്രതീതി.

ഗംഗയ്ക്കരികിലെങ്ങോ ഉറക്കം തൂങ്ങിനിന്ന ഒരു ശീതളക്കാറ്റിൻതുണ്ട് ഗംഗയിലെ കുളിരിൻെറ അളവിലൽപ്പം മഹേന്ദ്രനേയും കൂട്ടരേയും ഏൽപ്പിച്ചിട്ട്; അവർ ആ കുളിരിൽ കിടിലം കൊള്ളുന്നതു നോക്കി ആർത്തുചിരിച്ച് വിദൂരതയിലേയ്ക്കു പാഞ്ഞുപോയി.

ശിശിരത്തിൻെറ ഉച്ചാവസ്ഥയാണ്. ഓരോ തവണ ശീതക്കാറ്റു വരുമ്പോഴും ചെവിക്കല്ലു പൊട്ടുന്ന വേദന അനുഭവപ്പെട്ടു.

"പുറം കാഴ്ച്ചയിൽ ഗംഗ ശാന്തമാണ്. അടിയൊഴുക്കാ ഭയങ്കരം."

മലയാളിയായ ബാലൻപിള്ള പറഞ്ഞു.

"ഇപ്പോൾ ഈ പുഴയിൽ കുളിച്ചാല് സർവ്വ പാപോം പോകും."

ആൻറണി ഐസക്കിൻെറ കമൻറ് .

കുളി എന്ന വാക്കുകേട്ടപ്പോഴേ ശ്രോതാക്കളുടെ പല്ലുകൾ കൂട്ടിയിടിച്ചു. ജലവിതാനത്തിനുമേൽ നീരാവിപോലെ മൂടൽമഞ്ഞു കെട്ടിനില്ലുന്നുണ്ടായിരുന്നു.

തണുപ്പിൻെറ കാഠിന്യംമൂലമാകണം, രാത്രി മുഴുവൻ ബസ്സിലിരുന്നതിൻെറ ക്ഷീണം ആരുടേയും മുഖത്തു കാണാനുണ്ടായിരുന്നില്ല.

*1. "ഓ ഭായിയോം, ജൽദീ നഹാകർ തൈയാറീ കർ. ദസ് ബജ് നേ സേ പഹലേ മാൻസാദേവീജീ കീ ദർശ്ശൻ ഹോനാ ചാഹിയേ. വർണ്ണാ ലക്ഷ്ണൻ ചൂലാ ജാ നഹീം സകേകാ."

സംഘത്തലവനായ കുന്ദൻലാൽ കഴുത കരയുന്ന സ്വരത്തിൽ വിളിച്ചു പറഞ്ഞു.

പെട്ടെന്നാണു സംഘത്തിനു ജീവൻവച്ചത്. ഗംഗയിലെ കുളിരിനെ ഓർത്തു കിടുകിടുത്തുനിന്നവർ പെട്ടെന്നു ഷൂവും വസ്ത്രങ്ങളും അഴിച്ചുവച്ച് വെള്ളത്തിലേയ്ക്കിറങ്ങി. തീയിൽ ചാടിയതുപോലെ രണ്ടുവട്ടം മേലുകീഴു കുതിച്ചു ശാന്തരായി.

മാനസാദേവീക്ഷേത്രം ഒരു ചെറുമലയുടെ മുകളിലാണ്. ടിക്കറ്റെടുത്ത് മിഞ്ചിലോ കാൽനടയായോ യാത്രചെയ്യാം. ഒരുപതു നിമിഷത്തോളം നടന്നാൽ മലമുകളിലെത്താവുന്നതേയുള്ളു. അതി ശൈത്യത്തിൽ മലകയറിയാൽ ക്ഷീണമറിയില്ല.

മലകയറ്റത്തിൻെറ ക്ഷീണമറിയേണ്ടന്നു കരുതിയാകണം, ഒരു പൊതുശത്രു മഹേന്ദ്രനോട് അടുത്തുകൂടി, കൃഷ്ണകുമാർ. മാനേജുമെൻറിനോട് മലയാളികളെപറ്റി ദൂഷണം പറയുന്നവനെന്നു ഖ്യാതി കേട്ടവൻ.

"താൻ ഗംഗാജലം സംഭരിച്ചോ?" കൃഷ്ണകുമാർ വെറുതേ ചോദിച്ചു.

"ഇല്ല."

"ഭഗവാനേ... അതിശയംതന്നെ. പന്ത്രണ്ടുവർഷം മുൻപ് ഇവിടെ വന്നപ്പോൾ ഞാൻ ഒരു ജാറു ജലം സംഭരിച്ചതാ. ഒരു കുപ്പി ബാക്കിയുണ്ട്. അൽപ്പം പോലും മലിനപ്പെടാതെ."

"എന്തോ.. ഗംഗ മലിനപ്പെടുന്നുവെന്ന് പത്രത്തിൽ പഠിച്ചിട്ടുണ്ട്."

തൻെറ വാദഗതിയോട് യോജിക്കാത്തവനെ കൃഷ്ണകുമാർ വിദ്വേഷത്തോടെ നോക്കി, നടത്തയ്ക്കു വേഗതകൂട്ടി, അപ്രത്യക്ഷനായി.

ക്ഷേത്രദർശ്ശനം കഴിഞ്ഞപ്പോൾ തന്നെ മണി പത്തായി. മിഞ്ചിൽ മടങ്ങിപ്പോകാമെന്നു മഹേന്ദ്രൻ തീരുമാനിച്ചു. ചായ കുടിയ്ക്കാമെന്നു കരുതി അയാൾ ക്ഷേത്രമതിലിനു വെളിയിലേയ്ക്കു നടന്നു.

നിരയായി ടെൻറുകെട്ടി നടത്തുന്ന ചായക്കടകൾക്കു പിന്നിൽ മൂടൽമഞ്ഞു തളംകെട്ടി നിന്നു. വൃത്തിയില്ലാത്ത കടകൾ. ഭേദപ്പെട്ട ഒരു കട കണ്ടെത്താനാകുമോ എന്നറിയാൻ മഹേന്ദ്രൻ മുന്നോട്ടു നടന്നു.

*2 "ഹരേ ഉധർ കഹാം ജാ രഹാ ഹോ? ബഹുത് ഖതർണാക് ജഗഹ് ഹൈ വഹ് ഗിരോംഗേ തോ ഹസ്സീ ഫീ നഹിം മിലേഗാ".

ഒരു കിളിനാദം. നാദത്തിൻെറ ഉറവിടം തേടിയ കണ്ണുകൾ ഒരു പഞ്ചാബി പ്പെൺകുട്ടിയുടെ കണ്ണുകളിൽ ഉടക്കിനിന്നു. സ്ത്രീസൗന്ദര്യത്തിൻെറ മൂർത്തിമത്ഭാവം. നിബിഡമായ മുടിയും, അംഗലക്ഷണങ്ങളുമൊത്ത ഒരു കന്യക. കൺതുടിപ്പുകളിൽ വറ്റാത്ത ഈറപ്പ്. പഴയതെങ്കിലും വൃത്തിയും,

---

*1– ഏയ് സഹോദരരേ, വേഗം കുളിച്ചു തയ്യാറാക്. പത്തുമണിയ്ക്കു മുൻപേ മാനസാദേവീ ദർശ്ശനം കഴിയ്ക്കണം. അല്ലെങ്കിൽ ലക്ഷ്മൺ ചൂളയിൽ പോകാനാവില്ല.

*2– ഏയ് അവിടെ എങ്ങോട്ടു പോകുന്നു? വളരെ അപകടം പിടിച്ച സ്ഥലമാണത്. വീണാൽ എല്ലുപോലും ബാക്കി കിട്ടില്ല.

ഭംഗിയുമുള്ള നീലചുരീദാറും വെള്ളപൈജാമയും ധരിച്ചിരിക്കുന്നു. ചുരീദാറിനുമേലേ വെള്ളപൂക്കൾ ഡിസൈനുള്ള ചുവന്ന സ്വെറ്റർ.

ആ അഴകിലുടക്കിയ കണ്ണുകൾക്ക് മോചനം സുസാധ്യമായിരുന്നില്ല. അതു മനസ്സിലാക്കിയ പെൺകുട്ടിയുടെ മുഖത്തു ലജ്ജ പടർന്നുകയറി.

*3 "ക്യോം? ക്യോം വഹാം ജാ രഹാ ഹോ?"

ഒന്നുമില്ലെന്ന് ആംഗ്യം കാട്ടി.

മുന്നിൽ അവൾ പറഞ്ഞ സ്ഥാനത്തേയ്ക്കു നോക്കി. വെറുംവാക്കു പറഞ്ഞത് മുനമ്പാണ്. പാറയ്ക്കു വഴുക്കലുണ്ടായാൽ കാൽതെന്നും. എന്നാലും പത്തടിയിലേറെ മുന്നിലാണത്.

തിരിഞ്ഞു നടക്കുന്നതിനിടെ മഹേന്ദ്രൻ പിറുപിറുത്തു:

"നല്ല ഒരു ചായക്കട പോലുമില്ലാത്ത ഇടം."

"ഏയ്, മലയാളിയാണോ?" അതേ കിളിനാദം.

മഹേന്ദ്രൻ ഷോക്കേറ്റപോലെ നിന്നുപോയി. ഒരു പഞ്ചാബിപ്പെൺകുട്ടിയുടെ വായിൽ നിന്ന് ശുദ്ധമായ മലയാളഭാഷ കേൾക്കുന്നത് ഇതാദ്യം.

അത്ഭുതംനിറഞ്ഞ മുഖത്തുനോക്കി പെൺകുട്ടി പറഞ്ഞു,

"അതിശയിക്കാനൊന്നുമില്ല, എൻെറ അമ്മ മലയാളിയാണ്. അച്ഛൻ സർദാറും".

സൂക്ഷിച്ചു നോക്കിയാൽ;- ശരിതന്നെ;- ഒരു മലയാളിക്കലയില്ലെന്നു പറഞ്ഞുകൂടാ അവളിൽ.

അവിചാരിതമായിക്കിട്ടിയ ഏതോ വിലപിടിപ്പുള്ള ഒന്നിനെയെന്നപോലെ മഹേന്ദ്രൻ അവളെ നോക്കി. അയാളുടെ മുഖംനിറഞ്ഞുവന്ന ചിരി നോക്കി അവൾ പറഞ്ഞു,

"എൻെറ പേരു രേഖ. രേഖാസുഖീന്ദർ സിംഗ്."

തലകുലുക്കി, വായ്പൊളിച്ചുനിന്ന മഹേന്ദ്രനോട് അവൾ ചോദിച്ചു.

"ഞാൻ പേരുപറഞ്ഞ സ്ഥിതിയ്ക്ക് സ്വന്തം പേരൊന്നു പറയുക എന്നത് മനുഷ്യമര്യാദയല്ലേ ബാബൂ?"

ശരിതന്നെ, എൻെറ പേരു മഹേന്ദ്രൻ. ഡൽഹിയിൽ ഓഖ്ല എന്ന സ്ഥലത്ത് ജോലിചെയ്യുന്നു. ഫാക്റ്ററി ത്തൊഴിലാളി. യാന്ത്രികമായാണ് അത്രയും പറഞ്ഞത്.

"ചായകുടിയ്ക്കാനിറങ്ങിയതെന്നു പിറുപിറുത്തതു ഞാൻ കേട്ടു. വരൂ, കാഴ്ച്ചയ്ക്ക് അത്ര വൃത്തി തോന്നുന്നില്ലെങ്കിലും വളരെ വൃത്തിയായാ കടയിൽ ഞങ്ങൾ പെരുമാറുന്നത്. നല്ല ഒന്നാന്തരം ചായ ഉണ്ടാക്കിത്തരാം."

ഒരു റോബോട്ടിനെ അതിൻെറ ഓപ്പറേറ്റർ നിയന്ത്രിക്കുന്നതുപോലെ മഹേന്ദ്രനെ രേഖ തങ്ങളുടെ ചെറുകടയിലെത്തിച്ചു.

*4 "പാപ്പാ...യഹ് ഹമാരാ മെഹ്മാൻ കോ ബഡിയാ സേ ബഡിയാ ഏക് ചായ് പിലായിയോ? കടയ്ക്കുള്ളിൽ കയറുംമുമ്പേ രേഖ വിളിച്ചു പറഞ്ഞു,

*5 "അച്ഛാ ബേട്ടീ..."

മദ്ധ്യവയസ്ക്കനെന്നോ, കിഴവനെന്നോ വിശേഷിപ്പിയ്ക്കാവുന്ന ഒരു സർദാർ തലവെളിയിലേയ്ക്കു നീട്ടി, മഹേന്ദ്രനെ നോക്കി, വിളറിയതെങ്കിലും തെളിഞ്ഞ ഒരു ചിരി ചിരിച്ചു. സർദാർ സാധാരണ സർദാരന്മാരെപ്പൊലെ വിലപിടിപ്പുള്ള പകിടിയോ വസ്ത്രങ്ങളോ ധരിച്ചിരുന്നില്ല. പകിടിപോലെ ഒരു കെട്ട്. വെട്ടി വെടിപ്പാക്കാത്ത പ്രാകൃതമായ താടി. കാഴ്ച്ചയിൽ സാധുവെന്നു തോന്നിയെങ്കിലും സർദാർ മോശക്കാരനായിരുന്നില്ല. ഡൽഹിയിൽ മഹേന്ദ്രൻ ചെയ്യുന്ന തൊഴിലിൻെറ സ്വഭാവം, വരുമാനം, കുടുംബചരിത്രം എല്ലാം ഒരു ചായകുടിച്ചു തീരുന്ന സമയത്തിനുള്ളിൽ അയാൾ ചോർത്തിയെടുത്തു. ചായകുടിച്ച് മഹേന്ദ്രൻ എഴുന്നേറ്റു. പേഴ്സ് എടുക്കുമ്പോൾ സർദാർ തടഞ്ഞു.

*6 "യഹ് ഹമാരാ ബീച് മേം നഹീം ചാഹിയേ... "

"ഏയ്... കാശിന് ഞങ്ങൾ കൊടുക്കുന്ന ചായ വേറേ. ഇതു വീട്ടുകാർക്കു കുടിയ്ക്കാനുണ്ടാക്കുന്ന ചായയാണ്." രേഖ വിളിച്ചു പറഞ്ഞു.

"വളരെനന്ദി. പതിനൊന്നിനുമുമ്പ് ഗംഗാതീരത്തു ചെല്ലണം. ലക്ഷ്ണൺചൂളയ്ക്കു പതിനൊന്നിനു പുറപ്പെടുമെന്നു പറഞ്ഞിട്ടുള്ളതാ."

പത്തുമണി ഇരുപത് നിമിഷത്തെ കാട്ടുന്ന തൻെറ വാച്ചിലേയ്ക്കു നോക്കിക്കൊണ്ടു മഹേന്ദ്രൻ പറഞ്ഞു.

സർദാർ എഴുന്നേറ്റു വന്നു കൈയിൽ പിടിച്ചു.

*7 "ആജ് ആപ് ഹമാരേ സാഥ് രഹനാ. മുച്ഛേ ബഹുത്കുഛ് ആപ്കോ ബോൽതാ ഹൈ".

"ഏയ് ഇന്നു ഞങ്ങളുടെ വണ്ടി പന്ത്രണ്ടുമണിയ്ക്കു ലക്ഷ്ണൺചൂളയ്ക്കു പോകുന്നുണ്ട്. അതിൽ കയറ്റിവിടാം."

രേഖ വിളിച്ചു പറഞ്ഞു.

"ക്യാ കേറ്റി വിരാം?"

രേഖയുടെ മലയാളം ശ്രദ്ധിച്ചു നിന്ന സർദാർ വികലമായി അനുകരിച്ചു:

*8 "തൂ ഫീ ജാനാ ഇങ്കേ സാഥ്."

രേഖകൂടെ തന്നോടൊപ്പം ലക്ഷ്മൺചൂളയ്ക്കു വരുന്നുവെന്ന്. ഉള്ളിൽ കോരിത്തരിച്ചുപോയി, മഹേന്ദ്രൻ. ഇത്തരം ഒരു സുവർണ്ണാവസരം ഇനിയും ഉണ്ടാകുമെന്നു കരുതാനാകില്ല.

മഹേന്ദ്രനോടൊപ്പം രേഖകൂടെ ക്ഷേത്രപരിസരത്തു ചെന്നു. നടക്കുംവഴി അവൾ പറഞ്ഞു:

---

*3- എന്തിന്? എന്തിനാ അവിടേയ്ക്കു പോകുന്നത് ?

*4- പപ്പാ... നമ്മുടെ അതിഥിയ്ക്ക് വളരെ വളരെനല്ല ഒരു ചായ ഉണ്ടാക്കി കൊടുക്ക്

*5- വളരെ നല്ലതു മകളേ.

*6- ഇതു നമ്മുക്കിടയിൽ ആവശ്യമില്ല.

*7- ഇന്നു താങ്ങൾ ഞങ്ങളുടെ കൂടെ കഴിയണം. എനിയ്ക്ക് ഒരുപാടു കാര്യങ്ങൾ പറയാനുണ്ട്.

*8- നീ കൂടെ പോകൂ ഇദ്ദേഹത്തിൻെറ കൂടെ.

"പപ്പാജിയ്ക്കു മലയാളം വഴങ്ങില്ലെന്നേയുള്ളു. കേട്ടാൽ ഒരു വാക്കില്ലാതെ മനസ്സിലാകും."

ഏറെ നേരം തേടിയശേഷമാണ് തങ്ങളുടെ ടൂറിസ്റ്റുസംഘത്തിലെ ഒരാളെ കണ്ടെത്താൻ മഹേന്ദ്രനു കഴിഞ്ഞത്. യു.പി.ക്കാരനായ രാജ്പാൽ ശർമ്മ.

ലക്ഷ്മൺചൂളവരെ ഒരു പരിചയക്കാരന്റെ കൂടെ വരുമെന്നും, അവിടെ കണ്ടുമുട്ടാമെന്നും കുന്ദൻലാലിനെ ധരിപ്പിയ്ക്കണമെന്നു പറഞ്ഞപ്പോൾ, ഒന്നും മനസ്സിലാക്കാത്തവനെപ്പോലെ മിഴിച്ചു നിന്ന രാജ്പാൽ ശർമ്മ- യാദൃശ്ചികമായി തങ്ങളെ തന്നെ ശ്രദ്ധിച്ചു നിന്ന രേഖയെ കണ്ട് തെളിഞ്ഞൊന്ന് ചിരിച്ചു. *9 തമാക്കുവിന്റെ കറപുരണ്ട പല്ലുകൾക്കു പിന്നിൽ നിന്നും പാൻപരാഗിന്റെ ഗന്ധമുള്ള ഒരു വാക്കു പുറത്തുവീണു.

"അച്ഛാ ജീ."

രേഖയ്ക്കു ചിരി വന്നുപോയി.

കുന്നുംകുണ്ടുംനിറഞ്ഞ ഒരിടുക്കുവഴിയിലൂടെയായിരുന്നു ലക്ഷ്മൺ ചൂളയ്ക്കുള്ള വഴി.

ടാറ്റാ സുമോയിൽ.

ആ സുമോ സുഖിന്ദർസിംഗിന്റെ സമ്പാദ്യമാണ്. മാസത്തിൽ ഒരു നാൾ ഡൽഹിയിൽ പോയി കച്ചവടത്തിന് ആവശ്യമായ സാധനങ്ങൾ വാങ്ങി വരുകയാണ് അതിന്റെ പ്രധാന ഉപയോഗം. ശേഷംനാളുകളിൽ വണ്ടി വാടകയ്ക്ക് ഓടും.

രേഖ തന്റെ കുടുംബ ചരിത്രം മഹേന്ദ്രനെ ധരിപ്പിച്ചു:

പഞ്ചാബിന്റെ തലസ്ഥാനമായ അമൃത്സറിൽ നഴ്സ് ജോലിയ്ക്കു വന്ന മേരിക്കുട്ടിയാണ് രേഖയുടെ അമ്മ. സുഖിന്ദർസിംഗുമായി അവൾ അടുപ്പത്തിലായി. രജിസ്റ്റർ വിവാഹവും നടത്തി. സർദാറിന്റെ വീട്ടുകാരുമായി പോരാടി സർദാർ തോറ്റു. പ്രസവ സമയത്ത് മേരിക്കുട്ടി മരിച്ചതായി ആശുപത്രി റിപ്പോ ർട്ട്. പിടിപാടുള്ള ബന്ധുക്കളുടെ ചതിപ്രയോഗമായിരുന്നു അതെന്നു സർദാറിന്റെ പക്ഷം. ഏതായാലും ചോരക്കുഞ്ഞിനെ കൊലയ്ക്കു കൊടുക്കാനാവില്ലെന്നു പറഞ്ഞു പടിയിറങ്ങിയതാണു സർദാർ. ഇന്നുവരെ കുടുംബത്തു തിരിച്ചു പോയിട്ടില്ല.

കണ്ണു തുടച്ചു കൊണ്ടു രേഖ പറഞ്ഞു:

"ആരോ കുടിച്ച ഗ്ലാസ്സും, തിന്ന പാത്രവും കഴുകി ജീവിക്കുന്ന ആ മനുഷ്യൻ കോടീശ്വരനാണ് അറിയാമോ? എനിയ്ക്കുവേണ്ടി ജീവിക്കുന്ന ഒരു മനുഷ്യദൈവം.."

"രേഖ മലയാളം എങ്ങിനെ പഠിച്ചു?"

"അതുമൊരു കഥ ബാബൂ. എന്റെ വിദ്യാഭ്യാസത്തിന് അമ്മ വീടാണു നല്ലതെന്നുകണ്ട് പാപ്പാജി കത്തെഴുതി. ജോസങ്കിളിനെ വരുത്തി. അമ്മയുടെ അനുജനാണു ജോസങ്കിൾ. അങ്കിളിന്റെ വീട്ടിൽ നിന്ന് ഞാൻ പ്രീഡിഗ്രീവരെ പഠിച്ചു. മാസത്തിലൊരുനാൾ പാപ്പാജി കോട്ടയത്തുവന്ന് ആവശ്യമുള്ള പണം കൊടുക്കും. രണ്ടുനാൾ മുഴുവൻ എന്നെ നിലംതൊടുവിക്കാതെ എടുത്തുകൊണ്ടു നടക്കും. പ്രീഡിഗ്രീ റിസൾട്ടു വരുംമുമ്പേ ഇനി എന്നെ പിരിഞ്ഞിരിക്കാനാവില്ലെന്നു പറഞ്ഞ് കൂട്ടിക്കൊണ്ടു പോന്നു. ബി. ഏ. പഠിച്ചത് ഡൽഹിയിൽ ഹോസ്റ്റ ലിൽ നിന്നാണ്."

"എങ്കിൽപിന്നെ എൽ. എൽ. ബി പഠിച്ചു വക്കീലോ, ബി. എഡ്. പഠിച്ച് ടീച്ചറോ എന്തെങ്കിലുമൊന്ന്..."

"അതിനു ബി. ഏ. ഈ കൊല്ലം കഴിഞ്ഞതേയുള്ളൂ ബാബൂ. ബാബുവിന്റെ കൂടെ ഞാൻ കൂടെ പോരട്ടെ? ഡൽഹിയിൽ എനിക്കു പഠിയ്ക്കാൻ സൗകര്യം ചെയ്തുതരാമോ?"

ചിരിച്ചുകൊണ്ടാണു മഹേന്ദ്രൻ മറുപടി പറഞ്ഞത്.

"കൃസ്ത്യാനിയോ, സിക്കുമതക്കാരനോ അല്ലാത്ത എനിയ്ക്ക് നിന്റെ അച്ഛൻ നിന്നെ വിവാഹം ചെയ്തു തരുമോ?"

"എന്റെ അമ്മയുടെ അമ്മ ഹിന്ദുവായിരുന്നു ബാബൂ."

മഹേന്ദ്രൻ ഉറക്കെച്ചിരിച്ചു.

"സർവ്വമത സമ്മേളനം." അയാൾ രേഖയുടെ തലമുതൽ കാൽവരെ ഉഴിയുന്നതായി നടിച്ചു.

ഊറിച്ചിരിയോടെ രേഖ പറഞ്ഞു:

"മതം എന്നു പറയുന്നത് കഥയില്ലായ്മയാണു ബാബൂ. ഓരോ കാലത്ത് ഈശ്വരപ്രാപ്തിയ്ക്കുള്ള വഴികണ്ടെത്താൻ ഓരോരുത്തർ ഓരോ അഭിപ്രായം പറഞ്ഞു. ആ അഭിപ്രായത്തെ അനുകൂലിയ്ക്കാനും, എതിർക്കാനും ആളുകൾ ഉണ്ടായി. അനുകൂലിച്ചവർ തങ്ങളുടെ ഗുരുവിനെ പെരുമപ്പെടുത്താൻ ധാരാളം കെട്ടുകഥകൾ കൂട്ടിച്ചേർത്തു. അതിമാനുഷീകത്വമുള്ള ആ കെട്ടുകഥകളിലൂടെ കാലാന്തരത്തിൽ ഗുരുക്കന്മാരിൽ ചിലരൊക്കെ ദൈവമെന്നു ചിത്രീകരിക്കപ്പെട്ടു. ദൈവത്തെ പറ്റിയുള്ള സത്യം ബോധ്യപ്പെടുത്താൻ ശ്രമിച്ചവനെ പിടിച്ചു ദൈവമാക്കിയിട്ട് അവനുവേണ്ടി കൊന്നും, കൊലവിളിച്ചും ചത്തൊടുങ്ങിയും മതങ്ങൾ മനുഷ്യനെ ഭയപ്പെടുത്തുകയാണിപ്പോൾ."

മഹേന്ദ്രൻ വിസ്മയപൂർവ്വം ആ സുന്ദരിയെ നോക്കിയിരുന്നുപോയി. ഈ ചെറിയ വായിൽ നിന്നോ ഇത്രയും വലിയ തത്വം പുറപ്പെട്ടത്!

മഹേന്ദ്രനും, രേഖയും ലക്ഷ്മൺ ചൂളയിലെ പൊളിഞ്ഞ റോഡിലൂടെ നടന്നു. തന്റെ സഹയാത്രികരെ ഇടയ്ക്കിടെ തിരയുന്നുണ്ടായിരുന്നു മഹേന്ദ്രന്റെ കണ്ണുകൾ.

"ലക്ഷ്മൺ ചൂള ലക്ഷ്മണന്റെ ശവദാഹം നടത്തിയ സ്ഥലമാണ്. സ്വച്ഛന്ദം ഒഴുകുന്ന ഗംഗാതീരം."

രേഖ അതുപറഞ്ഞപ്പോഴാണ് മഹേന്ദ്രൻ ആ സ്ഥലത്തിന്റെ പ്രാചീനതയിൽ ശ്രദ്ധചെലുത്തിയത്.

"ഗംഗോത്രിയിൽ നിന്നു വരുന്ന ഗംഗ മലിനപ്പെടാതെയാണു ലക്ഷ്മൺ ചൂളയിലെത്തുക. ഹരിദ്വരിൽ ഒരു പോഷകനദി അതിനോടു ചേരുന്നു." രേഖ പറഞ്ഞുകൊണ്ടേയിരുന്നു.

- - - - - - - - - - - - - - - - - - - - -

*9– തമാക്കു:– പുകയില

"ഗംഗോത്രിയാണോ ഗംഗയുടെ ഉൽഭവ സ്ഥാനം?"

ബാലിശമായ ഒരു ചോദ്യംകേട്ട ഭാവത്തിൽ അവൾ മഹേന്ദ്രനെ നോക്കി. ഭാവം മാറ്റിയിട്ടു പറഞ്ഞു:

"ഗംഗയുടെ ഉൽഭവസ്ഥാനം ആർക്കുമറിയില്ല. ഭഗവാൻെറ ശിരസ്സിൽ നിന്നെന്നല്ലേ ചൊല്ല്?"

"ചന്ദ്രക്കല ഭഗവാൻെറ തലയിൽ തന്നെയല്ലേ? ചന്ദ്രനിൽ കാലുകുത്താൻ മനുഷ്യനു കഴിഞ്ഞു.."

"ഓക്കേ ബാബൂ.. അതിനും ന്യായീകരണ മുണ്ട്. ഗംഗയെ ഭഗവാൻെറ ശിരസ്സിൽ ഒളിപ്പിച്ചു വച്ചിരിക്കുന്നു. ചന്ദ്രനെ ഒളിപ്പിച്ചിട്ടില്ല. ഭഗവാൻ ഒളിപ്പിച്ചുവച്ചിരിക്കുന്നതിനെ കണ്ടെത്താൻ ഇന്നോളം മനുഷ്യനു കഴിഞ്ഞിട്ടില്ല. കഴിയുമെന്നും എനിക്കു വിശ്വാസമില്ല. "

മഹേന്ദ്രൻ നിമിഷങ്ങളോളം അവളെതന്നെ നോക്കിനിന്നു. കൃസ്ത്യാനിയെന്നോ, സിക്കെന്നോ പറയാവുന്ന മതത്തിൽപെട്ട രേഖയുടെ ഹിന്ദുമത ജ്ഞാനം അയാളെ അത്ഭുതപ്പെടുത്തി. കൂടുതല റിയാൻവേണ്ടി വെറുതേ ചോദിച്ചു,

"ഇത്തരം കഥകളൊക്കെ രേഖ വിശ്വസി ക്കുന്നോ?"

"എൻെറ വിശ്വാസം ശിവൻ പ്രപഞ്ചമാണെ ന്നാണ്. ആകാശത്തുള്ള ചന്ദ്രക്കല ശിരസ്സിൽ വഹിച്ചിരിക്കുന്നവൻ. ആകാശത്തുനിന്നും വരുന്ന ഗംഗയെ തലയിലൊളിപ്പിച്ചിരിക്കുന്നവൻ. മിൽക്കിവേ എന്നു വിളിക്കുന്ന ആകാശഗംഗയും അതേ ശിരസ്സിലാണെന്നറിയുമ്പോൾ സന്ദേഹത്തിനു ഹേതു വായി ഒന്നും ഇല്ലല്ലോ. ശിവസങ്കൽപ്പം പ്രപഞ്ച സങ്കൽപ്പമാണ്. വിശുദ്ധിയും, പ്രകൃതിയുമായുള്ള സമ്മേളനമാണത്. കഴുത്തിലണിഞ്ഞിട്ടുള്ള പാമ്പും, ശരീരത്തിൽ പൂശിയ ഭസ്മവും പ്രകൃതിയുടെ പ്രാകൃതത്വവും ശക്തിയും എല്ലാം ഒരു സിമ്പോളിക് രീതിയിൽ... "

മഹേന്ദ്രൻ കൈ ഉയർത്തിത്തടഞ്ഞു.

"ഇത്രത്തോളം ചിന്തിക്കാനുള്ള ഒരു മാനസീ കാവസ്ഥയിലല്ല ഞാൻ. എൻെറ കൂട്ടുകാരെ ഇനിയും കണ്ടെത്തിയിട്ടില്ല."

"നിങ്ങൾ ഇന്നു പോകുമെന്നോ? വെറുതേ ഇരി ബാബൂ. നിങ്ങൾ ഇന്നു പോകില്ല. ഞാൻ നിങ്ങളെ വിടില്ല."

"ഞാൻ തിരികെച്ചെല്ലുമ്പോൾ കമ്പനി മുതലാളി തറ തൊടീക്കാതെ നിർത്തിപ്പൊരിയ്ക്കും."

രേഖ ഉറക്കെച്ചിരിച്ചു: "പൊരിയ്ക്കട്ടെ. പൊരിച്ച ബാബുവിനെ മനസ്സിൽ സങ്കൽപ്പിക്കു മ്പോൾ നല്ല രസമുണ്ട്."

"എന്നെയെന്തിനാ എപ്പോഴും നീ ബാബു എന്നു വിളിയ്ക്കുന്നത്?"

"ഞങ്ങൾ **പഹാസികൾക്ക് അതൊരു ശീലമായിപ്പോയി. പട്ടണവാസികളെ ബാബു എന്നു വിളിയ്ക്കുന്ന വഴക്കം."

ഹരിദ്വാരിലേയ്ക്കുള്ള മടക്കയാത്രയിലാണ് സുഖീന്ദർസിംഗ് തന്നെ വിട്ടയയ്ക്കരുതെന്നു ശട്ടം കെട്ടി അയച്ചിരിക്കുന്ന വിവരം മഹേന്ദ്രൻ അറിയുന്നത്. ഹരിദ്വാർ മൂടൽമഞ്ഞിൽ പുതഞ്ഞു കിടന്നു. രാത്രി എട്ടുമണിയ്ക്ക് മഹേന്ദ്രനും രേഖയും ഹരിദ്വാരിലെത്തി. പാതിരാത്രിയുടെ നിശ്ശബ്ദത അവിടെ അനുഭവപ്പെട്ടിരുന്നു. മങ്ങിക്കത്തുന്ന അറുപതുവാട്ടു ബൾബിൻെറ ഇത്തിരി വെട്ടത്തി ലേയ്ക്കാണു രേഖ മഹേന്ദ്രനെ നയിച്ചത്. ആ വെട്ടം അവളുടെ വീട്ടിൽ നിന്നു വന്നിരുന്നതാണ്. മണ്ണും, ഇഷ്ടികയും ചേർത്തു നിർമ്മിച്ച ഒരു സാധാരണ വീട്. രണ്ടു മുറികളും, ഒരടുക്കളയും. മുൻ മുറിയിൽ വിരിച്ചിട്ട ഒരു ദറിയിൽ പായ വിരിച്ച് അരക്കുപ്പി ത്രീ എക്സ് റമ്മും, കോഴിക്കറിയും തണുത്ത ഒരു റൊട്ടിയുമായി സർദാർ കാത്തിരിക്കുന്നുണ്ടായിരുന്നു.

"ഓ തുടങ്ങി." രേഖ അമർഷത്തോടെ പിറുപിറുത്തു. എത്ര പണമുള്ള വീട്ടിലെ ആളാ, എത്ര മഹാനായമനുഷ്യൻ. ഇതാണ് ഒരു വീക് നെസ്സുള്ളത്. ഇതൊന്നു നിർത്തിയ്ക്കാൻ ഞാനൊ ത്തിരി പാടുപെട്ടു. ഇതില്ലാതെ ഉറക്കം വരില്ലത്രെ. പഴയ ഓർമ്മകളുവന്ന് ഭ്രാന്തുപിടിയ്ക്കുമത്രെ".

"ഇത്തിരി കുടിയ്ക്കുന്നതൊരു തെറ്റൊന്നു മല്ല."

രേഖ ചൊടിച്ചു: "ഓ... സപ്പോർട്ടും ചെയ്തോ മരുമകൻ?"

"മരുമകനോ?" മഹേന്ദ്രൻ മിഴിച്ചുനിന്നു.

"അയ്യോ, ഞാൻ പറഞ്ഞതല്ല. അമ്മായി അപ്പൻെറ സെലക്ഷനാ". സർദാർ അതുകേട്ടു കുലുങ്ങിച്ചിരിച്ചു.

ആദ്യം അയാൾ മഹേന്ദ്രനോടു ക്ഷമാപണം നടത്തി. പിന്നെ ഔപചാരികതയെന്ന നിലയിൽ ക്ഷണം നടത്തി. പ്രതീക്ഷിച്ച നിരസിയ്ക്കൽ കർമ്മം കഴിഞ്ഞതോടെ സസന്തോഷം ഒരു പെഗ്ഗകത്താക്കി.

രണ്ടു മൂന്നു നിമിഷം കഴിഞ്ഞതോടെ സർദാർ വേറേ മനുഷ്യനായി. രേഖ അടുക്കളയിലേയ്ക്കു പോയിരുന്നു. സർദാർ മഹേന്ദ്രനെ സ്നേഹിച്ചു വീർ പ്പുമുട്ടിച്ചു. രേഖയെപറ്റി പറഞ്ഞ് കുട്ടികളെപ്പോലെ കരഞ്ഞുതുടങ്ങി. അയാൾ തളർന്നിരിയ്ക്കുന്നു. രേഖയ്ക്കൊരു തുണയ്ക്കാളില്ല.അവൾക്കു പ്രായപൂർ ത്തിയായപ്പോൾ കഴുകന്മാരെപ്പോലെ സർദാർറു കുട്ടികൾ പിറകേ കൂടിയിരിക്കുന്നു. സർദാറ്മാരാണെ ങ്കിലും സുഖീന്ദർസിംഗിന് ആ വർഗ്ഗത്തെ ഇഷ്ടമല്ല. മലയാളിയാണു രേഖ. അവളെ ജാതിയും മതവും ഇഷ്ടപ്പെടാത്ത ഒരു മലയാളി വിവാഹം കഴിയ്ക്ക ണം. ഇനി ജാതിയും മതവും ഉണ്ടായിരുന്നാലും കുഴ പ്പമില്ല. മഹേന്ദ്രൻ മതി.

മഹേന്ദ്രൻ ഒന്നും പറഞ്ഞില്ല. ചിന്താക്കുഴ പ്പത്തിലായി, അയാൾ. സർദാറിൻെറ കൂർക്കംവലി യാണ് മഹേന്ദ്രനെ ഉണർത്തിയത്.

"ഫ്ലാറ്റ്. നാളെ ഏഴുമണിയ്ക്കിപ്പുറം ഇനി പപ്പായെ നോക്കണ്ട." രേഖ തലയിൽ കൈവച്ചു.

"കഴിയ്ക്കു മഹേന്ദ്രൻ." രേഖ പെട്ടെന്നു തയ്യാറാക്കിയ തന്തൂരിറൊട്ടിയും, ചിക്കൻകറിയും, വെജിറ്റബിൽകറിയും വളരെ രുചികരമായിരുന്നു.

- - - - - - - - - - - - - - - - - - - -

** പഹാസികൾ- പർവ്വതനിവാസികൾ

മഹേന്ദ്രൻ വയറുനിറച്ചു കഴിച്ചു. രേഖയും

അടുത്ത മുറിയിൽ കിടന്ന കട്ടിലിൽ രേഖയും മഹേന്ദ്രനും സംസാരിച്ചിരുന്നു. ഒരേ രജായിക്കു കീഴെ നാലുകാലുകൾ ചേർത്തുവച്ചുള്ള ആ ഇരിപ്പ് ഏറെ നേരം തുടരാനായില്ല. കഠിനമായ തണുപ്പ് മൂടൽമഞ്ഞിൽ പുതഞ്ഞ ഹരിദ്വാരിൻെറ ആയിരം പല്ലുകളുള്ള തണുപ്പ്.!!. ഇരുവരും രജായിയ്ക്കുള്ളിൽ ചേർന്നു കിടന്നു.

തൻെറ മെയ്യോട്ടിക്കിടന്ന പെണ്ണിനെ പതിയെ അകറ്റി മഹേന്ദ്രൻ എഴുന്നേറ്റു. നന്നേ പുലർന്നിരുന്നുവെങ്കിലും മൂടൽമഞ്ഞ് വിട്ടുമാറിയിരുന്നില്ല.

ആ മഞ്ഞിൻെറ നേർത്ത പാടയിലൂടെ വിദൂരതയിലേയ്ക്കു നീണ്ട കണ്ണുകൾക്കു മുന്നിൽ...

മഹേന്ദ്രൻ ഉറക്കെ പറഞ്ഞു

"അതാ ഞങ്ങളുടെ ടൂറിസ്റ്റ് ബസ്സ് . രേഖാ, ഞാൻ പുറപ്പെടുകയാണ്."

സുഖമയക്കത്തിലായിരുന്ന രേഖ സടകുടഞ്ഞെഴുന്നേറ്റു.

"നോ... അവൾ ഉറക്കെപ്പറഞ്ഞു. നാളെ പാപ്പായുടെകൂടെ പോകാം."

"പ്ലീസ് ബാബൂ."

മഹേന്ദ്രൻ അവളുടെ അടുത്തെത്തി. ഊറിച്ചിരിച്ചുകൊണ്ടുപറഞ്ഞു. "പൊന്നുമോൾക്ക് മഹിയേട്ടനെ വിശ്വാസമില്ലേ, കഴിഞ്ഞ രാത്രികൊണ്ട് മനസ്സിലായില്ലേ?"

രേഖ തലതാഴ്ത്തി.

"പക്ഷെ, ഒരുനാൾകൂടെ ഇതുപോലെ നിസ്സംഗനായിരിക്കാൻ കഴിയുമോ എന്നു സംശയം. ഞാൻ വരാം. ഗംഗയുടെ വിശുദ്ധിയോടെ നിന്നെ എനിയ്ക്കു വേണം. മഹേന്ദ്രൻെറ രേഖ ***പഹാസി തന്നെയായിരിക്കണം. കോട്ടയംകാരിയോ, സർദാരിണിയോ ആകണ്ട."

"എന്നുവരും?". രേഖയുടെ സ്വരം പതിഞ്ഞിരുന്നു.

"നമ്മൾ രണ്ടുപേരും മലയാളികളല്ലേ?"

"അതേ."

"മലയാളികൾ ഒത്തൊരുമിയ്ക്കാറുള്ള ഒരു നാളില്ലേ?"

"അതു ചിങ്ങമാസത്തിലെ തിരുവോണ നാളല്ലേ?"

"അന്നു നമുക്കു സന്ധിയ്ക്കാം".

"ദീർഘമായ കാത്തിരിപ്പ്"

"സാരമില്ല. ജീവിതത്തിനു വേണ്ടിയല്ലേ? നീയും ഗംഗയും എൻെറ ജീവിതത്തിൽ വേരുപിടിച്ചിരിയ്ക്കുന്നു. രണ്ടുപേർക്കും വേണ്ടി വന്നേ തീരൂ."

പാൻറും ഷർട്ടുമിട്ട് വെളിയിലിറങ്ങുമ്പോൾ മഹേന്ദ്രൻ പറഞ്ഞു:

"സർദാർജിയോടു പറഞ്ഞു മനസ്സിലാക്കണം, അദ്ദേഹം പിണങ്ങാനിടയാകരുത്." തൻെറ വിസിറ്റിംഗ് കാർഡ് അയാൾ രേഖയെ ഏൽപ്പിച്ചു.

"ഞാൻ പറഞ്ഞു കൊള്ളാം".

മഹേന്ദ്രൻ ടൂറിസ്റ്റു ബസ്സിലേറി തിരിഞ്ഞു നോക്കുമ്പോഴും കൈകൾവീശിക്കൊണ്ട് അവിടെത്തന്നെ നിൽക്കുന്നു രേഖ. അനുസ്യൂതം പ്രവഹിയ്ക്കുന്ന ഗംഗാതീരത്തുകൂടെ ബസ്സ് ഡൽഹിയ്ക്കു പുറപ്പെട്ടു. ഭാരതത്തിൻെറ ഇതിഹാസമായ, വിശുദ്ധിയായ അത്ഭുതമായ ഗംഗ. ഗംഗ ക്രമേണ നേർത്തു. നേർത്തു നേർത്ത് .....ഒരു വെള്ളി രേഖയായി...രേഖയായി...........

- - - - - - - - - - - - - - - - - - - - - - -

*** പഹാസികൾ വിശ്വാസവഞ്ചന ചെയ്യാത്തവരാണെന്നാണ് പൊതുവിശ്വാസം.

# Your home in the sky




## Indian Airlines

Indian Airlines the flag carrier of India have a fleet of fifty-six aircraft operating to sixty-one domestic destinations within India and seventeen outside India from Middle-East or Gulf to South East Asia.

Indian Airlines is operating twenty-one flights per week from Singapore to different destinations. A daily service to Bangalore, Bangkok, Chennai and Delhi (via Bangkok) at most convenient timings that an Airline could offer to its passangers.

In addition to the convenient timings, we offer the most competitive fares, excellent in-flight services with the best of Indian hospitality and Indian food.

इंडियन एयरलाइंस

**Flights from Singapore**

- Daily flight to Delhi (via Bangkok)
  Departure: 1155
  Arrival: 1645
- Daily flight to Bangkok (Thailand)
  Departure: 1155
  Arrival: 1310
- Daily flight to Chennai
  Departure: 0825
  Arrival : 0945
- Daily flight to Bangalore
  Departure: 0755
  Arrival: 0930

इंडियन एयरलाइंस
Indian Airlines